I.ഇ.ബി. XII-കേരള നിയമസഭ/II-14

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 11, ബുധൻ

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) കൊച്ചി നഗരത്തിൽ വെള്ളക്കെട്ടുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കൊച്ചി നഗരം സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ ചെറിയ മഴ ഉണ്ടാകുമ്പോൾ പ്പോലും വെള്ളക്കെട്ട് ഉണ്ടാകുന്നതുമൂലം വീടുകളും വാണിജ്യ സ്ഥാപനങ്ങളും വെള്ളത്തിനടിയിലായി ജനജീവിതമാകെ സ്തംഭിക്കുകയും മാലിന്യവും കൊതുകും പതിൻമടങ്ങ് വർദ്ധിക്കുകയും ടൂറിസ്റ്റുകൾ കൂട്ടത്തോടെ പലായനം ചെയ്യുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണുള്ളത്. ജലസേചന വകുപ്പിന്റെ കീഴിലുള്ള. കൊച്ചി നഗരത്തിലെ കനാലുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്ത് ഫെൻസിംഗ്

ഇടുന്നതിനുമായി രണ്ടേകാൽ കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സഹായം കിട്ടാൻ സാദ്ധ്യതയുള്ള പദ്ധതിയാണിത്. മട്ടാഞ്ചേരിയിലുള്ള മാന്ത്ര കനാൽ, ചെറളായി തോട്, എറണാകുളത്തുള്ള തേവര–പേരണ്ടൂർ കനാൽ എന്നിവയുടെ ഇരുവശത്തും ആളുകൾ അനധികൃതമായ കയ്യേറ്റങ്ങൾ നടത്തിയിരിക്കുന്നു. ഈ കനാലുകളുടെ ആഴം വർദ്ധിപ്പിക്കുകയും അറ്റകുറ്റപ്പണികൾ ചെയ്യുകയും ചെയ്താൽ ഒരു പരിധി വരെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. നഗരങ്ങളിലെ വെള്ളക്കെട്ട് നിവാരണത്തിനായി ഉപയോഗിച്ചുവരുന്ന റെഗുലേറ്ററുകൾ കൊച്ചി നഗരത്തിലെ എല്ലാ കനാലുകളിലും സാർവ്വത്രികമായി നിർമ്മിച്ചാൽ വർഷകാലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നത് തടയാനും വേനൽക്കാലത്ത് ഉണ്ടാകുന്ന കൊതുകിന്റെ ലാർവ ഉപ്പുവെള്ളം കയറ്റി നശിപ്പിക്കാനും സാധിക്കും. കൊച്ചി നഗരത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വെള്ളക്കെട്ടും വെള്ളപ്പൊക്കവും തടയുന്നതിനും കനാൽ ആഴം കൂട്ടുന്ന തിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ സഹകരിച്ച് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): കൊച്ചി നഗരത്തിന്റെ ഭൂ പ്രകൃതിയുടെ പ്രത്യേകതകൊണ്ടാണ് ചെറിയ മഴ ഉണ്ടാകു മ്പോൾപ്പോലും വെള്ളക്കെട്ട് ഉണ്ടാകുന്നത്. ഇതുമൂലം മാലിന്യങ്ങൾ വർദ്ധിക്കുകയും വീടുകളും വാണിജ്യസ്ഥാപനങ്ങളും വെള്ളത്തിനടിയിലായി ജനജീവിതം സ്തംഭിക്കുകയും ചെയ്യുന്നു. നഗരത്തിന്റെ ഈ ദു:സ്ഥിതിക്ക് പരിഹാരം കാണുന്നതിനായി വിവിധ കർമ്മ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്. കൊച്ചി നഗരത്തിൽ ഇന്നുള്ള ഡ്രെയിനേജ് സൗകര്യം

അപര്യാപ്തമായതിനാൽ അത് വിപുലീകരിക്കുന്നതിനാവശ്യമായ പദ്ധതി രൂപകല്പന ചെയ്തുവരുന്നു. നഗരത്തിലെ പ്രൈമറി ആന്റ് സെക്കന്ററി ഡ്രെയിനേജുകൾ പ്രവർത്തനക്ഷമമായി സൂക്ഷിക്കുന്നതിനും തോടുകൾക്ക് സംരക്ഷണഭിത്തികെട്ടി ഉപയോഗിക്കുന്നതിനുംവേണ്ടി ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നടപടികൾ തുടർന്നുവരുന്നുണ്ട്. ഡ്രെയിനേജുകളും തോടുകളും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി 902 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ അംഗീകരിച്ച് പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ വെള്ളക്കെട്ടും ഡ്രെയിനേജിന്റെ പ്രശ്നങ്ങളും ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്നതാണ്. മാന്ത്ര കനാൽ, ചെറളായി തോട്, തേവര-പേരണ്ടൂർ കനാൽ, ഇടപ്പള്ളി തോട് എന്നിവയുടെ ആഴം കൂട്ടലും വൃത്തിയാക്കലും ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്തിയിരുന്നെങ്കിലും പല ഘട്ടങ്ങളിലും നഗരസഭ മുൻകൈയെടുത്ത് ഇതുമായി ബന്ധപ്പെട്ട പണികൾ ചെയ്തുവരാറുണ്ട്. ഇക്കാര്യത്തിൽ ഫലപ്രദമായ കോ-ഓർഡിനേഷന്റെ അഭാവമുണ്ട്. കനാലുകളുടെ ആഴം കൂട്ടലും വൃത്തി യാക്കലുമായി ബന്ധപ്പെട്ട വർക്കുകൾ കൊച്ചി നഗരസഭയുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൊച്ചി നഗരത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന കനാലുകൾ പുനരുദ്ധരി ക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക ലഭ്യത യുടെ അടിസ്ഥാനത്തിൽ കൊച്ചി കനാലുകളുടെ പുനരുദ്ധാരണം എന്നൊരു പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്ന താണ്.

## (2) ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. രാജു എബ്രഹാം: ശബരിമല സീസൺ ഒരു മാസം കൂടി കഴിയുമ്പോൾ ആരംഭിക്കുകയാണ്. ഓരോ വർഷവും തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ എല്ലാരംഗത്തും മുന്നൊരുക്കങ്ങൾ ചെയ്യേണ്ടതുണ്ട്. ഇതിനുവേണ്ടി ഒട്ടേറെ പദ്ധതികൾ വിഭാവനം ചെയ്തിട്ടു ണ്ടെങ്കിലും ഇവിടെ നടപ്പിലാക്കേണ്ട മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ എക്കോ സ്മാർട്ട് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തിരുവനന്തപുരം, ചെങ്ങന്നൂർ, എരുമേലി എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച് യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. വിവിധ വകുപ്പുമന്ത്രിമാർ യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്താൽ മാത്രമേ പദ്ധതികൾ ക്രമീകരിക്കുവാൻ കഴിയുകയുള്ളൂ.. കാലവർഷം കൂടുതലായതിനാൽ റോഡുകളുടെ അറ്റകുറ്റ പ്പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കണം. ആരോഗ്യരംഗത്ത് പിന്നോക്കം നില്ക്കുന്ന ഈ മേഖലയിൽ എന്തെങ്കിലും അത്യാഹിതമുണ്ടായാൽ 150 കിലോമീറ്റർ അകലെയുള്ള കോട്ടയം മെഡിക്കൽ കോളേജിനെ ആശ്രയി ക്കേണ്ട സ്ഥിതിയാണുള്ളത്. റാന്നിയിലെ താലൂക്ക് ആശുപത്രിയുടെ നില വളരെ പരിതാപകരമാണ്. പഞ്ചായത്തിലെ സി.എച്ച്.സി.-യും കുളനടയിലും പത്തനംതിട്ടയിലുമുള്ള ആശുപത്രികളും സജീവമാക്കി ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ലക്ഷക്കണക്കിന് ആളുകൾ ഇടത്താവളങ്ങളിൽ അഭയം പ്രാപിക്കുന്നതുകൊണ്ട് ഇത് കേന്ദ്രീകരിച്ചു

കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. എരുമേലിയെ സംബന്ധിച്ചിടത്തോളം ദീർഘകാല മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ ക്ഷേമത്തിനുവേണ്ടി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): ശബരിമലയിലെ ഇത്തവണത്തെ തീർത്ഥാടന മഹാമഹം പൂർവ്വാധികം ഭംഗിയാക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞവർഷത്തേക്കാൾ ഏകദേശം 2 കോടിയിലധികം തീർത്ഥാടകർ ഈ വർഷം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ മാസം 20-ാംതീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഗസ്റ്റ് 3-ന് വകുപ്പുമന്ത്രിയും യോഗങ്ങൾ വിളിച്ചുകൂട്ടുകയുണ്ടായി. ആഗസ്റ്റ് 7-ന് എരുമേലിയിലും ചെങ്ങന്നൂരിലും പന്തളത്തും പ്രത്യേക യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ മാസം 20-ാം തീയതി തിരുവനന്തപുരത്തുവച്ചും നവംബർ 2-ന് പമ്പയിൽ വച്ചും ആഭ്യന്തര വകുപ്പുമന്ത്രി കോൺഫറൻസ് വിളിച്ചു കൂട്ടുന്നുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി ഇതിനെക്കുറിച്ച് പരിശോധിക്കുന്നതിന് 14-ാം തീയതി പത്തനംതിട്ടവച്ചും നവംബർ 9-ാം തീയതി പമ്പയിൽവച്ചും യോഗം വിളിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ അനുസരിച്ച് ഈ സീസണിൽ ചെയ്യേണ്ട അടിയന്തിര പ്രധാന്യമുള്ള കാര്യങ്ങൾ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിലയ്ക്കലിൽ 30 ഏക്കർ സ്ഥലത്ത് 10,000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ദേവസ്വം ബോർഡ് ചെയ്തിട്ടുണ്ട്. എസ്റ്റേറ്റിനകത്ത് 5 കിലോമീറ്റർ റോഡ് പുതുക്കി പണിയുകയും വൺവേ സിസ്റ്റത്തിനായി ഒരു പുതിയ റോഡ് വെട്ടുകയും ചെയ്തു. 400 പുതിയ ടോയ്‌ലെറ്റുകൾ നിർമ്മിക്കുകയും പഴയ 80 ടോയ്‌ലെറ്റു

കൾകൂടി പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്. 5000 തീർത്ഥാടകർക്ക് വിരിവയ്ക്കാൻ സൗകര്യമുള്ള നടപ്പന്തൽ തീർത്തിട്ടുണ്ട്. ഒരു ലക്ഷം തീർത്ഥാടകർക്ക് വിരിവയ്ക്കുവാനും വിശ്രമിക്കുവാനുമുള്ള അവസരമുണ്ടാക്കുന്നതിനുള്ള കാര്യങ്ങൾകൂടി പരിശോധിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. രണ്ട് സ്റ്റോറേജ് ടാങ്കുകളും ഓവർ ഹെഡ് ടാങ്കുകളും നാല് ബോർ വെല്ലുകളും നിർമ്മിച്ചിട്ടുണ്ട്. വൈദ്യുതി വകുപ്പ് കാര്യക്ഷമമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കഴിഞ്ഞ തവണത്തെ നിരക്കിൽത്തന്നെ കൂടുതൽ ബസ്സുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആവശ്യംവേണ്ട പോലീസുകാരെയും വനിതാ പോലീസുകാരേയും നല്കാമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. പ്രത്യേക ഫയർ സ്റ്റേഷൻ, ആശുപത്രി, പോലീസ് സ്റ്റേഷൻ, വിശ്രമകേന്ദ്രങ്ങൾ എന്നീ സൗകര്യങ്ങൾ ദേവസ്വം ബോർഡ് ഒരുക്കിവരികയാണ്. നീലിമല, പമ്പ, സന്നിധാനം, അപ്പാച്ചിമേട്, പന്തളം എന്നിവിടങ്ങളിലെ പ്രാഥമികാശുപത്രികളും പത്തനംത്തിട്ട താലൂക്കാശുപത്രിയും നല്ല നിലയിൽ പ്രവർത്തിക്കുന്നതിനുള്ള തീരുമാനമെടുത്തുവരുന്നു. ആയുർവ്വേദ-ഹോമിയോ ചികിത്സയും ഏർപ്പെടുത്തുന്നതാണ്. ചിക്കുൻ ഗുനിയപോലുള്ള മാരകമായ രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാൻ പ്രത്യേക തയ്യാറെടുപ്പ് നടത്തണമെന്ന് ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 17 റോഡുകളുടെ പണി യുദ്ധകാലാടിസ്ഥാനത്തിൽ ഒക്ടോബർ 31-ന് മുമ്പ് പൂർത്തിയാക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശബരിമല സീസൺ ആരംഭിക്കുന്നതിന് 6 മാസക്കാലം മുമ്പെങ്കിലും ഓരോ വകുപ്പുകളും അവരവരുടേതായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. 25 കോടി രൂപ സ്പെഷ്യലായി ആവശ്യപ്പെട്ടതിൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പണം ഒരു

പ്രശ്നമല്ല; ആവശ്യമായ തുക അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഫറൻസിൽ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ഏകോപിപ്പിച്ച് ഒക്ടോബർ 31-ന് മുമ്പ് റോഡുകൾ റിപ്പയർ ചെയ്യണമെന്ന് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വ്യാജവാറ്റ്, മദ്യം, മയക്കു മരുന്ന് തുടങ്ങിയവ ഫലപ്രദമായി തടയുന്നതിന് എക്സൈസുകാർക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപകട സാദ്ധ്യതകൾ അവഗണി ക്കാതെ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് ഫയർഫോഴ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. 20 ഇടത്താവളങ്ങളിൽ മന്ത്രിമാർ സന്ദർശനം നടത്തുന്നതാണ്. സാനിട്ടേഷൻ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കാനും സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രവർത്തനം ഏകോപിപ്പിക്കുവാനും തീരുമാനി ച്ചിട്ടുണ്ട്. വൈദ്യുതി ബോർഡ് അവിടെ ഇപ്രാവശ്യം താല്ക്കാലികമായി ലൈൻ വലിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. . ഒക്ടോബർ 31-ഓടുകൂടി എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാകുന്നതാണ്. അടുത്ത വർഷം മുതൽ ഭക്തജനങ്ങളെ സഹായിക്കുന്ന തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>വടക്കാഞ്ചേരി ആസ്ഥാനമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസ്</u>

<u>ശ്രീ. എ.സി. മൊയ്തീൻ</u> : വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഭൂവിസ്തൃതിയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണവും കണക്കിലെടുത്ത് വടക്കാഞ്ചേരി ആസ്ഥാനമാക്കി ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): തൃശൂർ റവന്യൂ ജില്ലയുടെ വിസ്തൃതിയും അവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണവും പരിശോധിക്കുമ്പോൾ ചാവക്കാട് വിദ്യാഭ്യാസ ജില്ല വിസ്തൃതിയിലും സ്ഥാപനങ്ങളുടെ എണ്ണത്തിലും വളരെ മുൻപന്തിയിലാണ്. ഒരു വിദ്യാഭ്യാസ ജില്ല എന്ന നിലയ്ക്ക് ചാവക്കാട് വിദ്യാഭ്യാസ ജില്ലയ്ക്ക് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടുപോകുന്നതിന് ചില പ്രയാസങ്ങളുണ്ടെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് വടക്കാഞ്ചേരി കേന്ദ്രീകരിച്ച് ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ച് അനുഭാവപൂർവ്വം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കവുങ്ങ് കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.സി. ജോസഫ്: കവുങ്ങ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റിനു സമർപ്പിച്ച പദ്ധതിലുണ്ടായ പോരായ്മമൂലം കേന്ദ്ര സർക്കാർ അത് നിരസിക്കുകയുണ്ടായി. രോഗബാധമൂലം നശിച്ച കവുങ്ങ് വെട്ടിമാറ്റി ആ സ്ഥലത്ത് മറ്റ് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി എന്ന നിലയ്ക്ക് ആ പദ്ധതി റീമോഡിഫൈ ചെയ്ത് കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി കവുങ്ങ് കൃഷിക്കാരെ രക്ഷിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടും പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മാനദണ്ഡങ്ങൾക്കനുസൃതമായി ചില ഘടക പദ്ധതികളിൽ മാറ്റംവരുത്തി വീണ്ടും പദ്ധതി സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പു

സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മഞ്ഞളിപ്പ് രോഗത്തിന്റെ പ്രാരംഭ ദിശയിലുള്ള കവുങ്ങിന്റെ മെച്ചപ്പെട്ട പരിപാലനത്തിനായി കവുങ്ങ് ഒന്നിന് 7.50 രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. ആ പദ്ധതിയിൽ ഒരു മാറ്റം വരുത്തി മറ്റ് കൃഷികൾക്കുവേണ്ടി ഒരു പദ്ധതി കേന്ദ്രത്തിൽ സമർപ്പിക്കുന്നതാണ്.

(3) <u>ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ ചാർജ് ചെയ്ത കേസുകൾ</u>

<u>ശ്രീ. എ.എം. ആരിഫ്:</u> ജനകീയ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ പല പ്രമുഖനേതാക്കളടക്കമുള്ള ജനപ്രതിനിധികൾക്കെതിരെ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കേസ്സുകൾ ചാർജ് ചെയ്തിട്ടുള്ളതിനാൽ അവർക്ക് സഭയിൽ ഹാജരാകാൻ കഴിയാത്ത അവസ്ഥയുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് ഇവർക്കെതിരെ ചാർജ്ജ് ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ജനങ്ങളുടെ ജീവൽപ്രശ്നം അടിസ്ഥാനമാക്കി മുൻ ഗവണ്മെന്റിന്റെ കാലത്ത് വിവിധ ജനവിഭാഗങ്ങൾ നടത്തിയിട്ടുള്ള നിരവധി സമരങ്ങളുടെ പേരിൽ ധാരാളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സമരങ്ങളിൽ പങ്കെടുക്കുന്നവരെ കേസുകളിൽ കുടുക്കി പീഡിപ്പിക്കുന്നത് ഈ ഗവണ്മെന്റിന്റെ നയമല്ല. അതുകൊണ്ട് ഓരോ കേസിന്റേയും അർഹതയും വിവിധ വശങ്ങളും പരിശോധിച്ച് ആ കേസുകൾ പിൻവലിക്കുന്നതിന് എൻ.ഒ.സി. നൽകുക എന്നുള്ളതാണ് സർക്കാരിന് ചെയ്യാൻ സാധിക്കുന്നത്. തുടർന്ന് കോടതിയാണ് കേസുകൾ പിൻവലി

ക്കേണ്ടത്. ഓരോ കേസിന്റെയും സ്ഥിതി പരിശോധിച്ച് കോടതിയെ അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ഗൗരവമായി പരിഗണിച്ച് ഓരോ കേസും പരിശോധിച്ച് മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

(4) ഉൽസവമഠം കൊട്ടാരം സംരക്ഷിക്കേണ്ടതിന്റേയും രാജാരവിവർമ്മ യുടെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിക്കേണ്ടതിന്റേയും ആവശ്യകത

ശ്രീ. എം. മുരളി : ചിത്രകാരനായ രാജാരവിവർമ്മയുടെ ചരമശതാബ്ദി യോടനുബന്ധിച്ച് അദ്ദേഹത്തിന്റെ താമസഗൃഹമായിരുന്ന മാവേലിക്കരയിലെ ഉൽസവമഠം കൊട്ടാരം ഒരു സ്മാരകമായി സംരക്ഷിക്കാനും ഫൈൻ ആർട്ട്സ് കോളേജിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റർ ഓഫ് പാരീസിൽ നിർമ്മിച്ച നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന രാജാരവിവർമ്മയുടെ പ്രതിമ മാറ്റി വെങ്കല പ്രതിമ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): രാജാരവിവർമ്മയുടെ ചരമശതാബ്ദി ദിനമായ ഒക്ടോബർ 2-ന് കിളിമാനൂർ കൊട്ടാരത്തിൽവച്ചാണ് രാജാരവിവർമ്മ പുരസ്കാരം നൽകിയത്. ഉൽസവമഠം കൊട്ടാരത്തിൽ ഇപ്പോൾ അദ്ദേഹത്തിന്റെ അനന്തരാവകാശികൾ താമസിക്കുന്നുണ്ട്. അത് പുരാവസ്തു നിയമപ്രകാരം ഒരു സംരക്ഷിത സ്മാരകമായി മാറ്റാനുള്ള സാധ്യതകൾ ആരായുന്നതിനായി അദ്ദേഹത്തിന്റെ കുടുംബവുമായി സംസാരിച്ച് അവരുടെ സമ്മതവും മറ്റ് പല ഘടകങ്ങളും പരിഗണിച്ചശേഷം തീരുമാനിക്കുന്നതാണ്. ഫൈൻ ആർട്ട്സ് കോളേജിൽ സ്ഥാപിച്ചിട്ടുള്ള രാജാരവിവർമ്മയുടെ പ്രതിമ നാശോന്മുഖമായതിനാൽ അത് മാറ്റി വെങ്കല പ്രതിമ സ്ഥാപിക്കുന്നതിനും ഉൽസവമഠം കൊട്ടാരം ഏറ്റെടുക്കു ന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കാനുമായി അവിടത്തെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി എം.പി., എം.എൽ.എ.

എന്നിവരുടെ സൗകര്യം നോക്കി ഒരു യോഗം വിളിക്കും. കൂടാതെ ഗവണ്മെന്റ് മുൻകൈയെടുത്ത് ഒരു വെങ്കല പ്രതിമ സ്ഥാപിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവുമുണ്ടായിരിക്കും; കേന്ദ്ര ഗവണ്മെന്റിന്റെ സഹായവും അഭ്യർത്ഥിക്കും.

(5) ശമ്പള പരിഷ്കരണ ഉത്തരവിൽ വീട്ടുവാടക ബത്തയിലുള്ള അപാകത

ശ്രീ.എം.എ.വാഹീദ്: തിരുവനന്തപുരം നഗരത്തോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് ഇക്കഴിഞ്ഞ മാർച്ച് 31 വരെ കിട്ടിക്കൊണ്ടിരുന്ന വീട്ടുവാടക ബത്ത ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം പുതുക്കിയ നിരക്കിൽ കുടിശ്ശിക സഹിതം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 8-ാം ശമ്പള പരിഷ്കരണ കമ്മിഷൻ എച്ച്.ആർ.എ. പരിഷ്കരിച്ചപ്പോൾ ബി ക്ലാസ് പട്ടണം, സി. ക്ലാസ് പട്ടണം, സി.യും ബി.യും അല്ലാത്ത പട്ടണങ്ങൾ, മറ്റു പ്രദേശങ്ങൾ എന്നിങ്ങനെ നാലായി തരംതിരിച്ചു. പുതിയ ശമ്പളക്കമ്മിഷൻ വരുന്നതുവരെ ബി. ക്ലാസ് സിറ്റിയിൽ 5 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന ഓഫീസ് ജീവനക്കാർക്ക് ബി. ക്ലാസ് സിറ്റിക്കു ബാധകമായ നിരക്കിലും സി. ക്ലാസ് സിറ്റിയുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന ഓഫീസിലെ ജീവനക്കാർക്ക് സി. ക്ലാസ് സിറ്റിക്ക് ബാധകമായ നിരക്കിലും വീട്ടുവാടക ബത്ത നൽകിയിരുന്നു. എന്നാൽ 8-ാം ശമ്പള പരിഷ്കരണ കമ്മിഷൻ ഇത് നഗരാതിർത്തി അല്ലെങ്കിൽ മുനിസിപ്പൽ അതിർത്തി വരെ മാത്രമാക്കി നിജപ്പെടുത്തി. കഴിഞ്ഞ ഗവണ്മെന്റ് ഈ റിപ്പോർട്ട് അതേപടി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. അതിൽ ഭേദഗതി

വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്; തീരുമാനം എടുത്തിട്ടില്ല.

(6) ഒറ്റപ്പാലത്തെ ബധിര-മൂക വിദ്യാലയത്തിന്റെ ശോച്യാവസ്ഥ

ശ്രീ.എം.ഹംസ: ഒറ്റപ്പാലം ബധിര-മൂക വിദ്യാലയത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുകയും ബധിര-മൂക വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടം പുതുക്കിപ്പണിയുകയും ചെയ്യണം. കൂടാതെ ഈ ബധിര-മൂക വിദ്യാലയത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വി.എച്ച്.എസ്.ഇ., പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കുകയും വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് 1000 രൂപയായി വർദ്ധിപ്പിക്കുകയും ആധുനിക പഠന രീതിയായ ഗ്രൂപ്പ് ഹിയറിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഒറ്റപ്പാലം ബധിര-മൂക വിദ്യാലയത്തിന്റെ ഹോസ്റ്റൽ പുതുക്കിപ്പണിയുന്നതിനായി ഏഴ് ലക്ഷത്തിനാൽപതിനായിരം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിനായി പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിയിലാണ്. 2005-06 സാമ്പത്തികവർഷം പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യം, അക്കാഡമിക് സൗകര്യം എന്നിവ വർദ്ധിപ്പിക്കുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽനിന്നും 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടോയിലറ്റ് സൗകര്യം, കമ്പ്യൂട്ടറുകൾ, ഹിയറിംഗ് എയ്ഡ് എന്നിവ ലഭ്യമാക്കാൻ ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. സ്പെഷ്യൽ സ്കൂളുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ ഒറ്റപ്പാലത്തെ

ബധിര–മൂക വിദ്യാലയത്തിന് ആവശ്യമായ തുക നൽകാൻ വേണ്ട നിർദ്ദേശം നൽകുന്നതായിരിക്കും. കേരളത്തിലെ മറ്റ് ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തേണ്ടതുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഈ വിദ്യാലയത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് മുൻഗണന നൽകാൻ ശ്രമിക്കുന്നതാണ്. പ്രതിമാസ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടി ഉചിതമായ തീരുമാനമെടുക്കുന്നതാണ്. വി.എച്ച്.എസ്.ഇ., പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടിനെ ആസ്പദമാക്കി ഈ ആവശ്യവും പരിഗണിക്കുന്നതാണ്.

(7) ചെറുകോൽ–നാരങ്ങാനം ശുദ്ധജല വിതരണ പദ്ധതി

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട ജില്ലയിലെ ചെറുകോൽ, നാരങ്ങാനം പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ചെറുകോൽ–നാരങ്ങാനം ശുദ്ധ ജലവിതരണ പദ്ധതിക്ക് 93 കിലോമീറ്റർ പൈപ്പ് ലൈൻ ഇടേണ്ട സ്ഥാനത്ത് 75 കിലോമീറ്റർ പൈപ്പ് ലൈനാണ് ഇട്ടത്. 99 ലക്ഷം രൂപ ലക്ഷ്യമിട്ട ഈ പദ്ധതി അവസാനിച്ചപ്പോൾ 3.87 കോടി രൂപയായി. ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ് ഇട്ടിട്ടില്ല. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം പമ്പ് ചെയ്യുമ്പോൾ പൈപ്പ് പൊട്ടുന്നു. ഈ പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പത്തനംതിട്ട ജില്ലയിലെ ചെറുകോൽ, നാരങ്ങാനം പഞ്ചായത്തുകളിലെ ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി വിഭാവന ചെയ്ത ചെറുകോൽ–

നാരങ്ങാനം ശുദ്ധജല വിതരണ പദ്ധതിക്ക് 1984-ൽ 99.56 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തിയായെങ്കിലും വിതരണ ശൃംഖല പൂർത്തിയായിട്ടില്ല. ചെറുകോൽ വില്ലേജിലെ 1 മുതൽ 8 വരെ വാർഡുകളിലും നാരങ്ങാനം വില്ലേജിലെ 4-ാം വാർഡ് ഒഴികെ 1 മുതൽ 9 വരെ വാർഡുകളിലും ശുദ്ധജല വിതരണം സാധ്യമാക്കുന്നതിന് 387 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭാരത് നിർമ്മാൺ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്രത്തിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പണി പൂർത്തീകരിക്കുന്നതോടുകൂടി ചെറുകോൽ-നാരങ്ങാനം പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും.

(8) ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കർഷകത്തൊഴിലാളികൾക്ക് പെൻഷൻ

ശ്രീ. ബി. രാഘവൻ: ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാത്ത കർഷകത്തൊഴിലാളികൾക്കുകൂടി പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ക്ഷേമനിധി പദ്ധതിയിൽ അംഗമല്ലാത്ത തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന വ്യവസ്ഥ നിലവിലില്ല.. ക്ഷേമ പദ്ധതി നടപ്പിൽവന്നപ്പോൾ അംഗങ്ങളാകാൻ കഴിയാത്തവരെ അംഗങ്ങളാക്കിത്തീർക്കുന്നതിനാവശ്യമായ സാധ്യതകളെക്കുറിച്ച് ആരായുന്നതാണ്. 16.4.98-ലെ ജി.ഒ.(പി.) 18/98/തൊഴിൽ നമ്പർ പ്രകാരം പുതുക്കിയ ചട്ടങ്ങളിലെ ചട്ടം 2(2) പ്രകാരം ക്ഷേമനിധിയിൽ യഥാർത്ഥ അംഗമല്ലാത്ത കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നിരസിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതിന് നിബന്ധനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടിവരും. കർഷകത്തൊഴിലാളി ക്ഷേമനിധി

ബോർഡുമായും കർഷകത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായും ആലോചിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കും.

(9) എറണാകുളം-കായംകുളം (കോട്ടയംവഴി) റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. തോമസ് ചാഴികാടൻ: എറണാകുളം മുതൽ കായംകുളം വരെയുള്ള റെയിൽ ഗതാഗതം ബുദ്ധിമുട്ടിലാണ്. വൈദ്യുതീകരണ നടപടി ഏതാണ്ട് പൂർത്തിയായെങ്കിലും ലൈൻ ഇരട്ടിപ്പിക്കുന്ന പണികൾ റെയിൽവേ അധികാരികൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. എറണാകുളം മുതൽ മുളന്തുരുത്തിവരെയുള്ള പാത ഇരട്ടിപ്പിക്കൽ പൂർത്തിയായിട്ടില്ല. കായംകുളം മുതൽ ചെങ്ങന്നൂർവരെയുള്ള ഭാഗത്തെ പണികളും ആരംഭിച്ചിട്ടില്ല. ചെങ്ങന്നൂർ-ചിങ്ങവനം, മുളന്തുരുത്തി-കുറുപ്പുന്തറ ഭാഗങ്ങളുടെ നിർമ്മാണ പദ്ധതിക്ക് അംഗീകാരം ലഭിച്ചെങ്കിലും ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കുറുപ്പുന്തറ സ്റ്റേഷനും ചിങ്ങവനം സ്റ്റേഷനും ഇടയ്ക്കുള്ള പാത ഇരട്ടിപ്പിക്കൽ നടപടിയും ഈ ഭാഗത്തുള്ള മൂന്ന് റെയിൽവേ ഓവർ ബ്രിഡ്ജുകൾ പണിയുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടില്ല. എറണാകുളത്തുനിന്ന് കോട്ടയം വഴി തിരുവനന്തപുരത്ത് എത്തുന്ന ട്രെയിനുകൾക്ക് ക്രോസ്സിംഗിന് കൂടിതൽ സമയം വേണ്ടിവരുന്ന തിനാൽ വളരെ താമസിച്ചാണ് എത്തുന്നത്. ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കേന്ദ്ര റെയിൽവേ മന്ത്രിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): എറണാകുളം-കായംകുളം പാത ഏറ്റവും ഗതാഗതത്തിരക്കുള്ള റെയിൽപ്പാതയാണ്. കോട്ടയംവഴിയുള്ള പാത ഇരട്ടിപ്പിക്കുക എന്നത് മുൻഗണനാലിസ്റ്റിൽ

പ്പെടുത്തിയിട്ടുണ്ട്. കോട്ടയം വഴിയുള്ള എറണാകുളം-കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിനുവേണ്ട നടപടികൾ നടന്നുവരുന്നു. എറണാകുളത്തുനിന്ന് മുളന്തുരുത്തി വരെയും കായംകുളം മുതൽ മാവേലിക്കര വരെയുമുള്ള പണികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. 2007-ൽ പണി പൂർത്തിയാക്കുമെന്നാണ് റെയിൽവേ അധികൃതർ പറയുന്നത്. മാവേലിക്കര-ചെങ്ങന്നൂർ വരെയുള്ള പാത ഇരട്ടിപ്പിക്കുന്നതിന് റെയിൽവേ നടപടി ആരംഭിച്ചു. മുളന്തുരുത്തി മുതൽ കുറുപ്പുന്തറ വരെയും ചിങ്ങവനം മതുൽ ചെങ്ങന്നൂർ വരെയും പാത ഇരട്ടിപ്പിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടില്ല. ശേഷിക്കുന്ന പാത ഇരട്ടിപ്പിക്കുന്നതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കായംകുളം മുതൽ എറണാകുളം വരെ കോട്ടയംവഴിയുള്ള പാത ഇരട്ടിപ്പിക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കി പണികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവേ മന്ത്രിയേയും മുഖ്യമന്ത്രിയും ഞാനും നേരിൽക്കണ്ട് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എം.പി.മാർ മുഖേന ഈ കാര്യത്തിൽ സമ്മർദ്ദം ചെലുത്തും. കുറുപ്പുന്തറ മുതൽ ചിങ്ങവനംവരെയുള്ള റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിന് ബുദ്ധിമുട്ടായിട്ടുള്ള രണ്ട് തുരങ്കങ്ങളെ സംബന്ധിച്ച് ഇന്നും റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ടു. ചിങ്ങവനം മൂലേടം, കുമരനെല്ലൂർ എന്നിവിടങ്ങളിൽ റെയിൽവേ ഓവർ ബ്രിഡ്ജിന് ടെണ്ടർ നടപടികൾ നടന്നുവരികയാണ്. മുടങ്ങിക്കിടക്കുന്ന റെയിൽവേ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കേരളത്തിലെ എം.പി.മാരേയും ദക്ഷിണ റെയിൽവേ ജനറൽ മാനേജരേയും ഉൾപ്പെടുത്തി

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതല യോഗം കൂടുന്നതാണ്. വർക്കുകളുടെ കാര്യത്തിൽ സ്ഥിരമായി ഒരു മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ട്. ട്രെയിനുകൾ ലേറ്റാകുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കും.

(10) കുറ്റ്യാടി ജലസേചന പദ്ധതിയുടെ സമീപ പ്രദേശങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കൽ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: കുറ്റ്യാടി പ്രോജക്ടിനുവേണ്ടി സ്ഥലം അക്വയർ ചെയ്തപ്പോൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം കുറ്റ്യാടി ഇറിഗേഷൻ റിസർവോയറിൽ വെള്ളം ഉയരുമ്പോൾ 53 കുടുംബങ്ങളുടെ വീടും കൃഷി സ്ഥലവും വെള്ളത്തിനടിയിലാകുന്ന സ്ഥിതിയാണുള്ളത്. അവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രശ്നം നേരിൽകണ്ട് മനസ്സിലാക്കുന്നതിന് ബന്ധപ്പെട്ട മന്ത്രി സ്ഥലം സന്ദർശിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 1993–ൽ കമ്മീഷൻ ചെയ്ത ഈ ജലസേചന പദ്ധതിക്ക് പിൽക്കാലത്ത് ഡാം സേഫ്റ്റി കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണശേഷി ഇല്ലാതെവന്നു. പൂർണ്ണ തോതിൽ വെള്ളം നിറയുമ്പോൾ പലപ്പോഴും വീടുകളും പരിസര പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിപ്പോകുന്ന സ്ഥിതിയാണുള്ളത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഡമ്പിംഗ് യാർഡിനായി അക്വയർ ചെയ്തിരുന്നതും പദ്ധതിക്ക് ആവശ്യമില്ലാത്തതുമായ കൂവപ്പുയൽ തുരുത്തിൽ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുതുകാട്ടുള്ള ഭൂമിയുടെ തുല്യ വിലയ്ക്ക് കൂവപ്പുയലിൽ സ്ഥലം

നൽകണമെന്ന കാര്യം പരിശോധിച്ചുവരികയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അവിടത്തെ തഹസിൽദാരെയും മെമ്പറുടെ സാന്നിദ്ധ്യ ത്തിൽ വിളിച്ചുകൂട്ടി മന്ത്രിതലത്തിൽ അവലോകനം നടത്തുന്നതാണ്.

(11) ഖാദി ബോർഡ് ജീവനക്കാരുടെ സ്ഥലംമാറ്റം

ശ്രീ. വർക്കല കഹാർ: കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ മാനദണ്ഡങ്ങൾ ലംഘിച്ച് നടത്തുന്ന ട്രാൻസ്ഫറുകളും നിയമനങ്ങളും തടയുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സംസ്ഥാന ജീവന ക്കാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് വിധേയ മായിട്ടാണ് ഖാദി ബോർഡിലും സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. കഴിഞ്ഞ മാർച്ച് മാസത്തിൽ പൊതു സ്ഥലംമാറ്റത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി യെങ്കിലും ഇലക്ഷൻ സമയത്തായതിനാൽ തെരഞ്ഞെടുപ്പ് കമ്മിഷൻ അത് റദ്ദ് ചെയ്തിരുന്നു. നിലവിലുണ്ടായിരുന്ന ക്ളാസ്സിഫിക്കേഷൻസ് ആന്റ് കണ്ടീഷൻസ് ഓഫ് റിക്രൂട്ട്മെന്റ് ഓഫ് സ്റ്റാഫ് റെഗുലേഷൻസിൽ വന്ന അപാകതകൾ തിരുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. രാഷ്ട്രീയ കാരണംകൊണ്ട് ജീവനക്കാരെ ഉത്തരവാദിത്വത്തിൽനിന്ന് മാറ്റി നിർത്താനോ സ്ഥലം മാറ്റാനോ അനുവദിക്കുകയില്ല എന്നതാണ് സർക്കാരിന്റെ നിലപാട്. ഇതു സംബന്ധിച്ച് വ്യക്തമായ പരാതിയുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

(12) ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി: ഭാരതപ്പുഴയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി തിരൂർ, പൊന്നാനി, കുറ്റിപ്പുറം, തൃത്താല മണ്ഡലങ്ങളിലെ 35 പഞ്ചായത്തുകൾക്കും തിരൂർ, പൊന്നാനി

മുനിസിപ്പാലിറ്റികൾക്കും പ്രയോജനം ചെയ്യുന്നതാണ്. .17,000 ഏക്കർ കൃഷി ഭൂമിക്ക് ജലസേചനമെത്തിക്കാനും ചെകുത്താൻകുണ്ട്, തിരുനാവായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വെള്ളം ലഭ്യമാക്കാനും ടൂറിസത്തിന്റെ ഭാഗമായി ഒരു ബോട്ട് സർവ്വീസ് നടത്താനും കോഴിക്കോടുനിന്ന് കൊച്ചിയിലേയ്ക്ക് 40 കിലോമീറ്റർ ദൂരം ലാഭിക്കുന്നതുവഴി മാസം രണ്ട് കോടി രൂപയുടെ ഇന്ധനം ലാഭിക്കാനും കഴിയുന്ന പ്രസ്തുത പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ച് ഈ ഗവണ്മെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) പൊന്നാനി–തിരൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഈ പദ്ധതിക്ക് പ്രധാന പരിഗണന കൊടുത്ത് പ്രാവർത്തികമാക്കാൻ ഈ ഗവണ്മെന്റ് ആഗ്രഹിക്കുന്നു. കൊച്ചിയിൽനിന്ന് കോഴിക്കോട്ടേയ്ക്ക് 40 കിലോമീറ്റർ ദൂരം ലാഭിക്കാൻ കഴിയുന്ന ഈ പദ്ധതി നടപ്പാക്കാൻ ഐ.സി.ഐ.സി.ഐ–കിൻഫ്ര എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 85 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഒരു അതോറിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. . ഐ.സി.ഐ.സി.ഐ–കിൻഫ്ര–യ്ക്ക് ഈ വർക്ക് ചെയ്യാൻ കഴിയുമോ എന്നുള്ളതു സംബന്ധിച്ച് ഫൈനൽ ഫീസിബിലിറ്റി റിപ്പോർട്ട് നാല് മാസത്തിനുള്ളിൽ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏതെങ്കിലും സാമ്പത്തിക ഏജൻസികളിൽ നിന്ന് പണം കണ്ടെത്തി ചമ്രവട്ടം പ്രോജക്ട് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. റിപ്പോർട്ട് ഫീസിബിൾ അല്ലെങ്കിൽ മറ്റ് പോംവഴികളെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുന്നതാണ്.

(13) തീരദേശവാസികളുടെ സംരക്ഷണം

ശ്രീ. വി. എസ്. സുനിൽ കുമാർ: കാലവർഷവും കടൽക്ഷോഭവും ഉണ്ടാകുമ്പോൾ സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാനായി സൗജന്യമായി സ്ഥലവും വീടും കൊടുക്കുന്ന പദ്ധതിയിൽ നദീതീരങ്ങളിലും വെള്ളപ്പൊക്കമനുഭവപ്പെടുന്ന പ്രദേശങ്ങളിലും താമസിക്കുന്നവരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സംസ്ഥാനത്തെ 9 ജില്ലകളിലെ കടൽത്തീരത്ത് താമസിക്കുന്ന 50,000-ഉം നദീതീരങ്ങളിൽ താമസിക്കുന്ന 20,000-ഉം കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. ഇവരെ പുനരധിവസിപ്പിക്കാനായി 1441 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിയും 991.5 കോടി രൂപയുടെ ദീർഘകാല ദുരിതാശ്വാസ പദ്ധതിയും കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ടു പദ്ധതികളിലൂടെ 17,000 കുടുംബങ്ങളെ ആദ്യ ഘട്ടത്തിൽ മാറ്റിപ്പാർപ്പിക്കാൻ കഴിയും. എറണാകുളം ജില്ലയിലെ നായരമ്പലത്ത് കടൽക്ഷോഭ ദുരന്തത്തിനിരയാകുന്ന 13 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയുടെ ആദ്യ സംസ്ഥാനതല ഉൽഘാടനം കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുൻകൈയെടുത്ത് 11 കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കാനുള്ള ഒരു പദ്ധതി നവംബർ രണ്ടാം വാരത്തിൽ ഉൽഘാടനം ചെയ്യുന്നതാണ്. ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി തീരപ്രദേശത്തുള്ള എം.എൽ.എ.മാരുടെ ഒരു യോഗം അടുത്ത ദിവസം വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ കൂടുതൽ വിശദാംശങ്ങൾ പറയുന്നതാണ്.

(14) <u>തൃത്താല മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ</u>.

<u>ശ്രീ. ടി.പി. കുഞ്ഞുണ്ണി:</u> തൃത്താല മണ്ഡലത്തിൽ മഴയെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെയും ആശ്രയിച്ചാണ് കൃഷിയിറക്കുന്നത്. ഭാരതപ്പുഴയിലും തൂതപ്പുഴയിലുമായി സ്ഥാപിച്ചിട്ടുള്ള 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ 37 പമ്പിംഗ് യൂണിറ്റുകളിൽ 18 എണ്ണവും കേടായി കിടക്കുകയാണ്. ഇതിന്റെ കനാലുകളുടെ അറ്റകുറ്റപ്പണികൾ സമയത്ത് നടത്തുന്നില്ല. ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തനക്ഷമമാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ):</u> തൃത്താല മണ്ഡലത്തിൽ 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലായി സ്ഥാപിച്ചിട്ടുള്ള 37 മോട്ടോറുകളിൽ 19 എണ്ണവും പ്രവർത്തനക്ഷമമാണ്. കേടായ 18 മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിനായുള്ള 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതുണ്ട്. പാലക്കാട്, ഒറ്റപ്പാലം, തൃത്താല ഭാഗങ്ങളിലെ ഇറിഗേഷൻ പദ്ധതികളുടെ ചുമതല ചാലക്കുടിയിലുള്ള ഇലക്ട്രിക്കൽ സെക്ഷനിലാണ്. ഈ ജില്ലയുടെ ഇലക്ട്രിക്കൽ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഒറ്റപ്പാലത്ത് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തൃത്താല മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 42.77 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്. തൃത്താല, പാലക്കാട് മൈനർ ഇറിഗേഷൻ സെക്ഷനുകളിൽ ഓരോ അസിസ്റ്റന്റ് എൻജിനീയറേയും രണ്ട് ഓവർസിയർമാരേയും നിയമിച്ചിട്ടുണ്ട്.

(15) <u>കുന്നംകുളം വിവേകാനന്ദ കോളേജിൽ നടന്ന ആക്രമണം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കുന്നംകുളം വിവേകാനന്ദ കോളേജിൽ 10-10-2006-ന് രാവിലെ 11 മണിക്ക് വെളിയിൽനിന്നുള്ള ആളുകൾ വന്ന് അധ്യാപകരെയും വിദ്യാർത്ഥി നേതാക്കളെയും ആക്രമിച്ച് മാരകമായി പരിക്കേൽപ്പിച്ചതിനെത്തുടർന്ന് അവിടെ സംഘർഷാന്തരീക്ഷം നിലനിൽക്കുകയാണ്. കോളേജുകളിൽ വെളിയിൽനിന്ന് അക്രമികൾ വരുന്നതിനെ ശക്തമായി തടയുകയും കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കുകയും ചെയ്യണം. യൂണിയൻ തെരഞ്ഞെടുപ്പിൽ ജയിക്കുന്നവരെ അടിച്ചമർത്തുന്ന ദോഷകരമായ പ്രവണത അവസാനിപ്പിക്കാൻ മുൻകരുതലെടുക്കണം. വിദ്യാർത്ഥികൾക്ക് കോളേജുകളിൽ സമാധാനപരമായ അന്തരീക്ഷത്തിൽ അധ്യയനം സാധ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> കുന്നംകുളം വിവേകാനന്ദ കോളേജിൽ 10-ാം തീയതി നടന്ന യൂണിയൻ തെരഞ്ഞെടുപ്പിൽ ഒരു സീറ്റിൽ എസ്.എഫ്.ഐ.-യും മറ്റ് സീറ്റുകളിൽ എ.ബി.വി.പി.-യും വിജയിച്ചതിനെത്തുടർന്ന് നടത്തിയ ആഹ്ളാദപ്രകടനത്തിനിടയിലുണ്ടായ ഏറ്റുമുട്ടലിൽ പരിക്കേറ്റ ഇരു വിഭാഗത്തിലുള്ളവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. എ.ബി.വി.പി.ക്കാരുടെയും എസ്.എഫ്.ഐ.ക്കാരുടെയും പരാതിപ്രകാരം ഇരു വിഭാഗങ്ങളുടെയും പേരിൽ കുന്നംകുളം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അധ്യാപകർക്ക് പരിക്കുപറ്റിയതു സംബന്ധിച്ച് പരാതി കിട്ടിയിട്ടില്ല. അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. കോളേജിന് അനിശ്ചിതകാലത്തേയ്ക്ക് അവധി പ്രഖ്യാപിക്കുകയും

കോളേജിലും പരിസര പ്രദേശത്തും ശക്തമായ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ എല്ലാ ജാഗ്രതാ നടപടികളും സ്വീകരിക്കുന്നതാണ്.

(16) കുളത്തൂപ്പുഴയിലെ മോഡൽ റെസിഡൻഷ്യൽ സ്ക്കൂൾ ഹോസ്റ്റലിലെ ഭക്ഷ്യവിഷബാധ.

ശ്രീ. കെ. രാജു: കുളത്തൂപ്പുഴ മോഡൽ റെസിഡൻഷ്യൽ സ്ക്കൂൾ ഹോസ്റ്റലിൽനിന്ന് ഭക്ഷണം കഴിച്ച വിദ്യാർത്ഥികളെ ഭക്ഷ്യവിഷബാധയെത്തുടർന്ന് 9–10–06–ന് രാവിലെ പുനലൂർ താലൂക്കാശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. പഞ്ചായത്ത് വിട്ടുകൊടുത്ത ടൂറിസ്റ്റ് ഹോമിലാണ് 150–ഓളം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ക്കൂളും ഹോസ്റ്റലും പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ക്കൂളിന് അനുവദിച്ച സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് സ്ക്കൂളും ഹോസ്റ്റലും നിർമ്മിച്ച് അവരെ മാറ്റിത്താമസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആശുപത്രിയിൽ കഴിയുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട ചികിൽസ ലഭ്യമാക്കണം.

പട്ടികസമൂദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുളത്തൂപ്പുഴ എം.ആർ.എസ്. ഹോസ്റ്റലിൽ പട്ടികജാതിയിൽപ്പെട്ട 50 കുട്ടികളും പട്ടികവർഗ്ഗത്തിൽപ്പെട്ട 72 കുട്ടികളുമാണുള്ളത്. 9–10–06–ന് 36 കുട്ടികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായതിനെത്തുടർന്ന് കുളത്തൂപ്പുഴ പ്രൈമറി ഹെൽത്ത് സെന്ററിൽ അഡ്മിറ്റ് ചെയ്തതിൽ രണ്ട് കുട്ടികൾ മാത്രമാണ് ഇപ്പോൾ ആശുപത്രിയിൽ ഉള്ളത്. കൂടുതൽ അന്വേഷണത്തിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഹോസ്റ്റലിൽ മൂന്ന് ലാട്രിൻ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് താമസിക്കാൻ

സൗകര്യപ്രദമായ കെട്ടിടം പണിയാനുദ്ദേശിക്കുന്ന 13 ഏക്കർ സ്ഥലം മരംമുറിയുമായി ബന്ധപ്പെട്ട തർക്കംമൂലം വകുപ്പിന് കൈമാറ്റം ചെയ്തിട്ടില്ല. സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് ഹോസ്റ്റൽ പണി ആരംഭിക്കുന്നതാണ്.

**പ്രത്യേക പരാമർശം**

ചോദ്യോത്തരങ്ങൾക്ക് ഉത്തരം നൽകുന്നത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് ഇന്ന് സഭയിൽ 4 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 51 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും വന്നെങ്കിലും ഒരെണ്ണത്തിനുപോലും മറുപടി തന്നിട്ടില്ല. സമയത്ത് ഉത്തരം നല്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശം നൽകണം.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ച് സഭയിൽ വന്ന 55 ചോദ്യങ്ങളിൽ ഒന്നിനും മറുപടി നൽകാത്തത് ശരിയല്ല. ബന്ധപ്പെട്ട മന്ത്രിമാർ പരമാവധി ഉത്തരം നൽകാൻ ശ്രമിക്കണം.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പെരുന്നാൾ പ്രമാണിച്ച് പ്രധാന നോമ്പ് തുടങ്ങുന്നതിനാൽ 20-ാം തീയതി വെള്ളിയാഴ്ച അവധി വേണമെന്ന് പല മെമ്പർമാരും ആവശ്യപ്പെട്ടിരിക്കുകയാണ്. അതു സംബന്ധിച്ച് സഭയ്ക്ക് തീരുമാനിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ആ നിർദ്ദേശം സ്വീകരി ക്കാവുന്നതാണ്.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ധനകാര്യം**

<u>2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം (83,91,92,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI- മൃഗസംരക്ഷണം (74,24,94,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII– ക്ഷീരവ്യവസായം (10,89,37,000 രൂപ)

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : ഭക്ഷ്യം എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI–ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവ്യവസായം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ വി.ഡി.സതീശൻ, കെ.സി.ജോസഫ്, തേറമ്പിൽ രാമകൃഷ്ണൻ, കെ. സുധാകരൻ, എം.എ. വാഹീദ്, കെ.സി.വേണുഗോപാൽ, ടി.എൻ. പ്രതാപൻ, കെ. ബാബു, എം.മുരളി, എ.പി.അനിൽ കുമാർ, പി.സി. വിഷ്ണുനാഥ്, സി.ടി.അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, ജോസഫ് എം. പുതുശ്ശേരി, കെ.കെ.ഷാജു, യു.സി.രാമൻ, കെ. മുഹമ്മദുണ്ണി ഹാജി, കെ.കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, തോമസ് ഉണ്ണിയാടൻ, തോമസ് ചാണ്ടി, അടൂർ പ്രകാശ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റംമൂലം വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്.. സാമ്പത്തിക രംഗത്ത് നേട്ടമുണ്ടായിട്ടും അത് നിഷ്പ്രഭമാക്കുന്ന തരത്തിലാണ് ഈ വിലക്കയറ്റം സമൂഹത്തെ ബാധിക്കുന്നത്. ഇതിൽനിന്നും പരിരക്ഷ നേടുന്നതിന് പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിക്കുമെങ്കിലും പല കാരണങ്ങൾ കൊണ്ടും ഈ സമ്പ്രദായം അനുദിനം ദുർബ്ബലമായിക്കൊണ്ടിരിക്കുന്നു. ന്യായവിലയ്ക്ക് അവശ്യസാധനങ്ങൾ റേഷൻ കടകൾവഴി ലഭ്യമാകാനുള്ള സാഹചര്യം ഉണ്ടാക്കണം. അഴിമതിയും കരിഞ്ചന്തയും നടത്തി പൊതുവിതരണ സമ്പ്രദായത്തിന്റെ അടിസ്ഥാന തത്വത്തെ ദുർവിനിയോഗം ചെയ്യുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. സമഗ്ര സർവ്വേ നടത്തി ഗ്രാമീണ സഭകളുടെ മേൽനോട്ടത്തിൽ ബി.പി.എൽ. കാർഡുകൾ കൊടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിയാൽ മാത്രമേ ഭക്ഷ്യരംഗത്ത് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് 1974-ൽ സിവിൽ

സപ്ലൈസ് കോർപ്പറേഷന് രൂപം കൊടുത്തത്. അഴിമതിയും കെടുകാര്യസ്ഥതയുംമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കോർപ്പറേഷന്റെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ ശക്തമായ മാർക്കറ്റ് ഇന്റർവെൻഷൻ ആവശ്യമാണ്. ഇന്ന് അവശ്യ സാധനങ്ങൾ ബ്രോക്കർമാർ വഴി വാങ്ങി വില്പന നടത്തുന്ന കച്ചവട സ്ഥാപനമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാറിയിരിക്കുന്നു. ഇക്കാര്യങ്ങൾ ഗൗരവമായെടുത്ത് കോർപ്പറേഷന്റെ നടത്തിപ്പ് സുതാര്യമാക്കണം. പൊതുമാർക്കറ്റിൽ സാധനങ്ങളുടെ വില പിടിച്ചുനിറുത്താൻ കഴിയണം. തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരിക്കാനുള്ള നടപടി സ്വീകരിക്കണം. മൃഗസംരക്ഷണ മേഖല തളർന്നുകൊണ്ടിരിക്കുകയാണ്. കന്നുകാലികളുടെ എണ്ണത്തിലും ഉൽപ്പാദന രംഗത്തും കുറവു വന്നിരിക്കുന്നു. പാലുൽപ്പാദനം വളരെ കുറഞ്ഞതുകൊണ്ട് സംസ്ഥാനത്തിന്റെ പ്രജനന നയത്തിൽ മാറ്റം വരുത്തി ഉൽപ്പാദന ശേഷി കൂടുതലുള്ള പുതിയ ജനുസ്സുകളെ കൊണ്ടുവന്ന് വർഗ്ഗോദ്ധാരണ പദ്ധതി നടപ്പിൽവരുത്തണം. അന്യ സംസ്ഥാനങ്ങളിൽനിന്ന് ഗുണനിലവാരമില്ലാത്തതും പഴക്കം ചെന്നതുമായ പാലും മുട്ടയും ഇറക്കുമതി ചെയ്യുന്നതുമൂലമുണ്ടാകുന്ന രോഗങ്ങൾ തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ മൃഗങ്ങളുടെ ആരോഗ്യവും പാലിന്റെ ഗുണനിലവാരവും പരിശോധിക്കാൻ ഒരു ലബോറട്ടറി സ്ഥാപിക്കണം. ബി.പി.എൽ. കാർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് മറ്റു കർഷകർക്ക് നൽകുന്ന സബ്സിഡി, പ്രൊഡക്ഷൻ ഇൻസെന്റീവ് അടക്കമുള്ള ആനുകൂല്യങ്ങൾ ക്ഷീര കർഷകർക്കും നൽകണം. കാലിത്തീറ്റയുടെ വില വർദ്ധിച്ചു, കന്നുകാലി രോഗങ്ങൾക്ക് മരുന്ന് ലഭ്യമല്ല എന്നു പറഞ്ഞ് ഗവേഷകർ തന്നെ നിസ്സഹായരായി കൈമലർത്തുന്ന സ്ഥിതി

വളരെ ദയനീയമാണ്. ഈ രംഗത്ത് ഹോമിയോപ്പതിയിൽ മരുന്നുകൾ ഉണ്ട്. കന്നുകാലി സമ്പത്തിനെ സംരക്ഷിക്കേണ്ടത് എങ്ങനെയാണെന്നുള്ളത് ഗൗരവതരമായി ആലോചിക്കണം. വെറ്ററിനറി കോളേജിൽ അദ്ധ്യാപകരോ ശാസ്ത്രജ്ഞരോ ലബോറട്ടറി സംവിധാനമോ ആവശ്യത്തിന് പണമോ ലഭ്യമല്ല. വെറ്ററിനറി കോളേജിനെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. കോഴികളുടെയും താറാവുകളുടെയും സ്ഥിതിയും ഇതു തന്നെയാണ്. ക്ഷീര കർഷകർക്കുള്ള  ക്ഷേമനിധി ബിൽ കൊണ്ടുവരുമ്പോൾ ഓർഡിനൻസിലെ അപാകതകൾ പരിഹരിക്കണം. ഇപ്പോൾ ക്ഷീര സംഘങ്ങളിലെ അംഗങ്ങൾക്കു മാത്രമേ ആനുകൂല്യം കൊടുക്കുന്നുള്ളൂ. ക്ഷീര സംഘങ്ങളിലെ അംഗങ്ങൾ അല്ലെങ്കിലും അവിടെ പാൽ കൊടുക്കുന്ന എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കണം. വെറ്ററിനറി കോളേജിൽ ആരംഭിച്ചിട്ടുള്ള ഡയറി കോളേജിന്റെ അംഗീകാരം നഷ്ടപ്പെടുന്ന സ്ഥിതി ഒഴിവാക്കണം. വെറ്ററിനറി ആശുപത്രികളിൽ ഡോക്ടർമാരില്ല, ആശുപത്രികളുടെ നിർമ്മാണത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുമില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനമെടുത്തിരുന്നു. ഒരു വിദഗ്ദ്ധ സമിതി അതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ അതിന്മേൽ തുടർനടപടികളുണ്ടാകണം. ഭക്ഷ്യ സാധന ങ്ങളിൽ മായം ചേർക്കുന്നത് പ്രതിരോധിക്കാനായി സമഗ്രമായ ഒരു നിയമം ഭക്ഷ്യ വകുപ്പിന്റെ കീഴിൽ കൊണ്ടുവന്ന്  ഫലപ്രദമായി നടപ്പിലാക്കുന്നതിനെ ക്കുറിച്ച്  ഗൗരവമായി ആലോചിക്കണം.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കലാണ് സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ലക്ഷ്യം. എന്നാൽ ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ ഗോതമ്പ് ഇറക്കുമതിക്കുള്ള നടപടികൾ ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ഉൽപ്പാദനം കുറച്ചും ഇറക്കുമതി കൂട്ടിയും ഭക്ഷ്യ മേഖലയെ തകർക്കുന്ന സമീപനമാണ് യു.പി.എ. സർക്കാർ സ്വീകരിച്ചിരുന്നത്. പാവപ്പെട്ട കർഷകർക്ക് നൽകിയിരുന്ന സബ്സിഡി വെട്ടിക്കുറച്ചു. എ.പി.എൽ. വിഭാഗത്തിലുള്ളവർക്ക് കൊടുത്തിരുന്ന 35 കിലോഗ്രാം അരി 20 കിലോഗ്രാമായി കുറച്ചു. എന്നാൽ യു.പി.എ. ഗവൺമെന്റിന്റെ കാഴ്ചപ്പാടിൽനിന്നും വ്യത്യസ്തമായി ജനങ്ങൾക്ക് ഉപകാരപ്രദമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കിലോയ്ക്ക് 8.50 രൂപ കൊടുത്തുകൊണ്ട് നെല്ല് സംഭരിക്കാനുള്ള തീരുമാനമെടുത്തു. 20000 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. സിവിൽ സപ്ളൈസ് കോർപ്പറേഷനെ കേന്ദ്രീകരിച്ചുകൊണ്ട് പൊതുവിതരണ സമ്പ്രദായം ഉടച്ചുവാർക്കാനുള്ള ഭാവനാപൂർണ്ണമായ നടപടി സ്വീകരിച്ച, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്ത് ജനങ്ങളോടുള്ള പ്രതിബദ്ധത തെളിയിച്ച ഗവൺമെന്റാണിത്. ഈ മേഖലയിലെ അഴിമതി, അരിയുടെ കളളക്കടത്ത് എന്നിവ തടയാൻ വിജിലൻസ് റെയ്ഡ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ക്ഷീര മേഖലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുന്ന പശുഗ്രാമം പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ക്ഷീര വ്യവസായ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകാൻ ഗവൺമെന്റ് തയ്യാറാകണം. ഭക്ഷ്യ-സിവിൽ സപ്ലൈസ് കോർപ്പറേഷനിലും ക്ഷീര വികസന വകുപ്പിലും ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയണം. ക്ഷീര വ്യവസായ മേഖലയിൽ വേണ്ടത്ര സംസ്ക്കരണ യൂണിറ്റുകൾ ഇന്നില്ല. പാൽ അടിസ്ഥാനമാക്കിയുള്ള ആധുനിക ഉപഭോക്തൃ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയണം. പാൽ സംഭരണ-ശീതീകരണ സംവിധാനം എല്ലായിടത്തും ഉണ്ടാക്കണം. ഗവൺമെന്റിന്റെ എല്ലാവിധ സഹായസഹകരണങ്ങളും നൽകി ഈ മേഖലയുടെ വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണം. മാംസ സംസ്ക്കരണ യൂണിറ്റ് വയനാട്ടിൽ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ആടുവളർത്തലിനെ നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ചെറുകിട കർഷകരെ സംരക്ഷിക്കണം. കാർഷിക മേഖലയിൽ മാർക്കറ്റിംഗ് വിപണന സംവിധാനമുണ്ടാക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വാങ്ങാനും അവയ്ക്ക് മാർക്കറ്റ് കണ്ടെത്താനും അതിലൂടെ ലാഭമുണ്ടാക്കി ഉൽപ്പാദകർക്ക് കൈമാറാനുമുള്ള ആധുനിക വിപണന സംവിധാനം വികസിപ്പിച്ചെടുക്കണം. ബ്രാൻഡ് നെയിമും പരസ്യങ്ങളും നൽകി വൻകിട കമ്പനിക്കാരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ ചെറുകിട കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാത്ത സ്ഥിതിവിശേഷത്തിന് ബദൽ സംവിധാനമുണ്ടാക്കണം. യു.പി.എ. ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ വെല്ലുവിളിയോടെ ഈ ഗവൺമെന്റ് നേരിടുകയാണ്. സപ്ലൈകോയിൽ നടന്ന 330 കോടി രൂപയുടെ അഴിമതിയെക്കുറിച്ച് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണം. മാർക്കറ്റ് ഇന്റർവെൻഷന് അനുവദിച്ച പണം ദുർവിനിയോഗം ചെയ്യാനാണ്

കഴിഞ്ഞ ഗവൺമെന്റ് ശ്രമിച്ചത്. കർഷകരുടെ ഉൽപ്പന്നങ്ങൾ വാങ്ങാനും ആധുനിക വ്യവസായ സംരംഭം പടുത്തുയർത്താനും വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള നടപടിയും അഴിമതി രഹിതമായ ഭരണ സംവിധാനവും ഉറപ്പ് വരുത്തണം. ആഭ്യന്തര മാർക്കറ്റിൽ മെച്ചപ്പെട്ട വിലയ്ക്ക് സാധനങ്ങൾ കൊടുത്ത് ബഹുരാഷ്ട്ര കുത്തക കമ്പനികളുടേയും സ്വകാര്യ വ്യവസായികളുടേയും ചൂഷണം അവസാനിപ്പി ക്കണം. സ്വകാര്യ വ്യവസായികൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും കർഷകരെ കൊള്ളയടിക്കാൻ അനുവദിച്ചു കൊടുക്കുന്ന തെറ്റായ നയം തിരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി. ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വില കേരളത്തിൽ ക്രമാതീതമായി വർദ്ധിച്ചു. ഓണക്കാലത്തുപോലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല; പച്ചക്കറി അടക്കമുള്ള മിക്ക സാധനങ്ങൾക്കും തീ വിലയായിരുന്നു. വിലക്കയറ്റം തടയാൻ ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ബി.പി.എൽ. കാർഡ് ഉടമകൾക്ക് റേഷൻ കടകളിലൂടെ കുറഞ്ഞ വിലയ്ക്കുള്ള അരി വിതരണം ചെയ്യുന്ന സമ്പ്രദായം തുടരണം. 25–09–06 മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില ഗണ്യമായി വർദ്ധിപ്പിച്ചതിന്റെ ഫലമായി പൊതുകമ്പോളത്തിലും വില വർദ്ധനവു ണ്ടായിട്ടുണ്ട്. അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ ക്വാട്ട വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. എല്ലാ രംഗങ്ങളിലും കേരളത്തിന് അർഹമായ പ്രാതിനിധ്യം നേടിയെടുക്കാൻ

കഴിയണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടു വരണം. 2006-ൽ റേഷൻ കാർഡിന്റെ കാലാവധി അവസാനിക്കുകയാണ്. ബി.പി.എൽ/എ.പി.എൽ. കാർഡിലുള്ള അപാകതകൾ പരിഹരിച്ച് യഥാർത്ഥ അവകാശികളെ തെരഞ്ഞെടുത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുകയും നിശ്ചയിച്ചിട്ടുള്ള താങ്ങുവില യഥാസമയം കർഷകർക്ക് നൽകുകയും ചെയ്യണം. വെറ്ററിനറി, ഡയറി കോളേജുകളെ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഒരു വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കണം...വിവിധ പദ്ധതികൾ പ്രകാരം അരി വിതരണം ചെയ്ത വകയിൽ കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് നൽകാനുള്ള തുക എത്രയും വേഗം നൽകണം. സംസ്ഥാന ത്തിനാവശ്യമായ ഭക്ഷ്യ പദാർത്ഥങ്ങൾ സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കാനും ന്യായവിലയ്ക്ക് ഏറ്റവും നല്ല സാധനങ്ങൾ വിതരണം ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കണം. അന്ത്യോദയ, അന്നയോജന പദ്ധതി പ്രകാരം റേഷൻ ഡീലേഴ്സിന് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി 10 കോടി രൂപ നീക്കിവയ്ക്കണം. കാസർകോഡ് ടൗണിൽ സൂപ്പർ മാർക്കറ്റിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കണം. ക്ഷീര കർഷകർക്ക് വളരെ പ്രയോജനം ചെയ്യുന്ന ജില്ലാ ക്ഷീര വികസന കോർപ്പറേഷന്റെ കീഴിലുള്ള പശുഗ്രാമ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ക്ഷീര കർഷക പെൻഷൻ പദ്ധതി കൂടുതൽ കാര്യക്ഷമതയോടുകൂടി

നടപ്പിലാക്കണം. വെറ്ററിനറി ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും മൃഗാശുപത്രികൾ ആരംഭിക്കണം. കന്നുകാലി ഇൻഷ്വറൻസ് സംരക്ഷണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കണം.

ശ്രീ. എ. കെ. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.. കേന്ദ്ര സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി സബ്സിഡികളും സൗജന്യങ്ങളും നിർത്തലാക്കാനും പൊതു വിതരണ സമ്പ്രദായത്തേയും റേഷൻ സംവിധാനത്തേയും അട്ടിമറിക്കാനും തകർക്കാനുമാണ് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന് നൽകുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില വർദ്ധിപ്പിക്കുകയും ക്വാട്ട നിരന്തരം വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയുമാണ്. കേന്ദ്രത്തിന്റെ ജനവിരുദ്ധവും ജനദ്രോഹകരവുമായ നിലപാടിനോട് പരിപൂർണ്ണമായി യോജിച്ചുകൊണ്ടാണ് കഴിഞ്ഞ അഞ്ച് വർഷം യു.ഡി.എഫ്. കേരളം ഭരിച്ചത്. ബി.പി.എൽ. ലിസ്റ്റ് അടിയന്തിരമായി പുന:പരിശോധിച്ച് അർഹരായ എല്ലാവരേയും ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്രം റേഷൻ അരിയുടേയും മറ്റും വില വർദ്ധിപ്പിച്ചപ്പോൾ സബ്സിഡി കൊടുത്ത് ജനങ്ങൾക്ക് സഹായകരമായ രീതിയിൽ റേഷൻ സംവിധാനം നിലനിർത്തുകയാണ് എൽ.ഡി.എഫ്. സർക്കാർ ചെയ്തത്. എന്നാൽ 2001-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഇതെല്ലാം അട്ടിമറിക്കുകയാണ് ചെയ്തത്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും വെട്ടിക്കുറച്ച റേഷൻ സംവിധാനം പുന:സ്ഥാപിച്ച് കിട്ടാനും വേണ്ടിയുള്ള ശക്തമായ ശ്രമങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ കാർഡ് ഉടമകൾക്ക് കൃത്യമായി

ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. റേഷൻ മൊത്ത വ്യാപാര രംഗത്ത് കുത്തകക്കാരും ഉദ്യോഗസ്ഥരും ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന തിരിമറിയും വെട്ടിപ്പും പൂർണ്ണമായി അവസാനിപ്പിക്കണം. ജില്ലാ തലങ്ങളിലും താലൂക്ക് തലങ്ങളിലും റേഷൻ കട അടിസ്ഥാനത്തിലും ജനകീയ വിജിലൻസ് സമിതികൾ രൂപീകരിക്കണം. തിരിമറിയും ക്രമക്കേടും നടത്തുന്ന വ്യാപാരികളുടെ ലൈസൻസ് റദ്ദ് ചെയ്യണം. 2001–2004 കാലഘട്ടങ്ങളിൽ സിവിൽ സ്പളൈസ് കോർപ്പറേഷനിൽ വമ്പിച്ച അഴിമതിയാണ് നടന്നത്. ടെൻഡറുകൾ വിളിക്കാതെ മരുന്നുകൾ വാങ്ങിക്കൂട്ടിയതിൽ 60 ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഓണക്കാലത്ത് 141 ഓണച്ചന്തകളും 972 മിനി ഓണം ഫെയറുകളും 10 ജില്ലാ ഫെയറുകളും 5 മെട്രോ ഫെയറുകളും വഴി ജനങ്ങൾക്ക് സുലഭമായി സാധനങ്ങൾ എത്തിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നാഷണൽ കമ്മോഡിറ്റി എക്സ്ചേഞ്ച് വഴി ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്നുതന്നെ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങി ജനങ്ങൾക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഓണക്കാലത്ത് കാർഡ് ഒന്നിന് 25 കിലോ മുതൽ 35 കിലോ വരെയും സ്കൂൾ കുട്ടികൾക്ക് 5 കിലോ വീതവും അരി നൽകി. എല്ലാ കാർഡുടമകൾക്കും ഒരു കിലോ വീതം പഞ്ചസാര നൽകി. എല്ലാ കാർഡുടമകൾക്കും അർഹമായ മണ്ണെണ്ണ വിതരണം ചെയ്യാൻ കഴിഞ്ഞു. ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്ക് രണ്ട് ആഴ്ചക്കാലത്തെ സൗജന്യ റേഷൻ വിതരണം ചെയ്തു. തോട്ടം തൊഴിലാളികൾക്ക് ജൂലായ് മാസത്തിൽ സൗജന്യറേഷൻ നൽകി. നെല്ല് സംഭരണത്തെ സംബന്ധിച്ചിടത്തോളം വളരെ ശ്ലാഘനീയമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മഹത്തായ പരിപാടികളുമായി ജനങ്ങളേയും

നാടിനേയും സേവിക്കാൻ വേണ്ട ഇച്ഛാശക്തിയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തി സാധാരണക്കാർക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുക എന്ന പരമ പ്രധാനമായ ജോലി നിർവ്വഹിക്കുന്നതിലൂടെയാണ് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പിന്റെ പ്രവർത്തന മികവ് പ്രകടിപ്പിക്കേണ്ടത്. ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വളരെ കാര്യക്ഷമമായി പ്രവർത്തിക്കണം. പട്ടിണിമരണമടക്കമുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കണം. പച്ചക്കറികൾക്ക് ക്രമാതീതമായി വില വർദ്ധിച്ചു. മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കാൻ ലക്ഷക്കണക്കിന് രൂപചെലവാക്കിയിരുന്നു. വിമർശനം ഉണ്ടായപ്പോൾ ആ വീടുകളിൽനിന്ന് മാറിത്താമസിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആഡംബര കാറുകൾ ഉപയോഗിക്കുകയില്ലെന്നു പറഞ്ഞ മന്ത്രിമാർ ഇന്ന് അവ ഉപയോഗിക്കുന്നു. സർക്കാർ അറിയാതെയാണ് ഇത്തരം ധൂർത്തും അഴിമതിയും നടക്കുന്നതെന്ന വാദം ശരിയല്ല. ഇക്കാര്യങ്ങളെക്കുറിച്ചും ആത്മപരിശോധന നടത്താൻ ഈ സർക്കാർ തയ്യാറാകണം.

ശ്രീ. പി. ജെ. ജോസഫ്: മൃഗസംരക്ഷണം, ക്ഷീര വ്യവസായം എന്നീ മേഖലകളിലെ ഉല്പാദനക്ഷമത കുറയാനുള്ള കാരണം എന്താണെന്ന് ഗൗരവമായി ആലോചിക്കണം. കേരളത്തിലെ പശുക്കളുടെ ഉല്പാദനക്ഷമത വളരെ കുറവാണ്. പഞ്ചാബ്, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ തുടർച്ചയായി പാലുൽപ്പാദനം കൂടിക്കൊണ്ടിരിക്കുന്നു.

കേരളത്തിൽ പത്ത് ലിറ്ററിൽ താഴെയാണ് പശുക്കളുടെ ശരാശരി പ്രതിദിന പാലുൽപ്പാദനം. മാട്ടുപ്പെട്ടിയിലെ മാടുകളുടെ സെമൻ ഉപയോഗിച്ച് ജനിപ്പി ക്കുന്ന മാടുകളുടെ ഉൽപ്പാദനക്ഷമത വിലയിരുത്തണം. മാട്ടുപ്പെട്ടിയിലെ രോഗം പിടിച്ച മൂരികളിൽനിന്നുള്ള സെമൻ കളക്ഷൻ ഒഴിവാക്കണം. ഗുണനിലവാരം കൂടിയ മൂരികളെ വാങ്ങണം. എംബ്രിയോ ഇമ്പോർട്ട് വ്യാപകമാക്കണം. ഇസ്രായേലിൽനിന്ന് സെമൻ ഇമ്പോർട്ട് ചെയ്യണം. ഇടുക്കിയെ പുൽമേടായി പ്രഖ്യാപിക്കണം. മാട്ടുപ്പെട്ടി മാതൃകയിൽ കൂടുതൽ ബുൾ സ്റ്റേഷനുകൾ ആരംഭിക്കണം. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കണം. റോഡുകൾക്ക് ഇരുവശത്തും മാവ്, പ്ലാവ് എന്നിവ വച്ചുപിടിപ്പിക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് പാവപ്പെട്ടവർക്ക് ഓണക്കാലത്ത് ഇരുപത് ലക്ഷം സൗജന്യ ഭക്ഷ്യ കിറ്റുകൾ നൽകി. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ശബരി മാർക്കറ്റുകൾ എന്നിവയിലൂടെ ജനങ്ങൾക്ക് ന്യായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും ബി.പി.എൽ കാർഡുടമ കൾക്ക് 3 രൂപ നിരക്കിൽ അരിയും നൽകുകയുണ്ടായി. തീരപ്രദേശങ്ങളിലും ആദിവാസി കോളനികളിലും മൺസൂൺ ബാധിത പ്രദേശങ്ങളിലും ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്കും രണ്ട് ആഴ്ച ക്കാലത്തെയും പ്ലാന്റേഷൻ തൊഴിലാളികൾക്ക് ഒരു മാസത്തെയും സൗജന്യ റേഷൻ വിതരണം ചെയ്തു. ഓണക്കാലത്ത് കാർഡുടമകൾക്ക് ഗുണനില വാരമുള്ള അരിയും കാർഡ് ഒന്നിന് ഒരു കിലോ പഞ്ചസാരയും സ്കൂൾ കുട്ടികൾക്ക് 5 കിലോ അരി വീതവും വിതരണം ചെയ്തു. സപ്ലൈകോ വഴി കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് അരിയാക്കി റേഷൻ കടകൾവഴി ന്യായ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. അന്ത്യോദയ, അന്നപൂർണ്ണ

പദ്ധതികൾക്ക് കൈകാര്യച്ചെലവ് അനുവദിക്കണം. കേന്ദ്രം വെട്ടിക്കുറച്ച ഗോതമ്പ് വിഹിതം പുന:സ്ഥാപിപ്പിക്കണം. അർഹരായ എല്ലാവർക്കും ബി.പി.എൽ കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കണം. ക്ഷീര വികസന വകുപ്പിനെ സംബന്ധിച്ചിടത്തോളം മിൽമ പാലിന്റെ സംഭരണവും വിതരണവും കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കണം. പാലിന്റെ വില കൂട്ടാതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും കേന്ദ്ര സർക്കാരിന്റെ വനിതാ ശിശുക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി 3100 സ്ത്രീകൾക്ക് സ്വയം തൊഴിൽ ലഭിക്കുന്ന സ്റ്റെപ്പ് ടൂ പദ്ധതി നടപ്പിലാക്കിയതും 40,000 സ്ത്രീകൾക്ക് സ്വയം തൊഴിൽ ലഭിക്കുന്ന എസ്.ജി.എസ്.വൈ. പദ്ധതി ആരംഭിച്ചതും സ്വാഗതാർഹമാണ്. വിഭജനം നടത്തിയ പുതിയ പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ സ്ഥാപിക്കുന്നതിനും കന്നുകാലികൾ കൂടുതലുള്ള പ്രദേശങ്ങളിൽ ഗോരക്ഷാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇക്കഴിഞ്ഞ 4 മാസം കൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഫലപ്രദമായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് ആത്മപരിശോധന നടത്തണം. നെല്ല് ലോബികളുടെ ചൂഷണത്തിൽനിന്നും കുട്ടനാട്ടിലെ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി അടുത്ത പ്രാവശ്യമെങ്കിലും ഗവൺമെന്റ് 5 ശതമാനം മുതൽ 10 ശതമാനംവരെ നെല്ലെടുക്കാനുള്ള സംവിധാനമുണ്ടാക്കണം. കുട്ടനാട്ടിൽ റൈസ് മില്ലുകൾ വളരെ കുറവാണ്. 50 ശതമാനം നെല്ലെങ്കിലും അവിടെത്തന്നെ സംസ്ക്കരിക്കുന്നതിന് അടുത്തവർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നാലഞ്ച് റൈസ് മില്ലുകൾകൂടി കുട്ടനാട്ടിൽ ആരംഭിക്കത്തക്കരീതി

യിൽ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിക്കണം. കൃഷിയുമായി ബന്ധപ്പെട്ട് അനുബന്ധ തൊഴിൽ മേഖലകളായ കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം..

<u>ശ്രീ. കെ. പി. മോഹനൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് ഭക്ഷ്യ രംഗത്ത് സ്വീകരിച്ച തെറ്റായ നയം മൂലം ഭക്ഷ്യ സാധനങ്ങൾക്ക് വില വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ അത് തടയാനുള്ള നടപടിയുണ്ടാകണം. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ അർഹതപ്പെട്ട ബി.പി.എൽ വിഭാഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. എഫ്.സി.ഐ. ഗോഡൗണിൽനിന്നും ലഭിക്കുന്ന അരി പാംഓയിലും റെഡ് ഓക്സൈഡും മറ്റും ചേർത്ത് പുതിയ അരിപോലെയാക്കി വിപണിയിൽ വീണ്ടും വരുന്ന സാഹചര്യം ഒഴിവാക്കണം. അർഹതപ്പെട്ടവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. റേഷൻ കടയുടമകൾക്കുള്ള കമ്മീഷൻ വർദ്ധിപ്പിച്ച് അഴിമതി കുറച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനതലത്തിലുള്ള ഉപദേശക സമിതികൾ പുനരുജ്ജീവിപ്പിക്കുന്നതോടൊപ്പം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും അത് വ്യാപിപ്പിക്കണം. വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞിക്കുള്ള അരി അടുത്തുള്ള മാവേലി സ്റ്റോറുകളിൽനിന്നും ലഭ്യമാക്കുന്നതിനും മുഴുവൻ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനും ക്ഷീര കർഷകർക്ക് നിലവിലുള്ള പെൻഷൻ പദ്ധതിക്ക് പകരം 10 വർഷം 500 ലിറ്റർ പാൽ വീതം സൊസൈറ്റികൾക്ക് നല്കിയിട്ടുള്ളവരും 60 വയസ്സ് കഴിഞ്ഞവരുമായവർക്ക് പെൻഷൻ നല്കാനുമുള്ള നടപടി സ്വീകരിക്കണം. ക്ഷീര കർഷകരുടെ പെൺമക്കളുടെ വിവാഹം, മരണാനന്തര ചടങ്ങുകൾ, ചികിത്സാ ധനസഹായം എന്നിവയ്ക്ക് ക്ഷേമ നിധിയിൽനിന്നും ആനുകൂല്യ

ങ്ങൾ നല്കാനും എല്ലാ ക്ഷീര കർഷകർക്കും പശുക്കൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിലെ മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുകയും പശുക്കൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. ക്ഷീരകർഷകർക്ക് കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. സൂപ്പർ മാർക്കറ്റുകളിൽ വില്ക്കപ്പെടുന്ന ഫോറിൻ ഫുഡ്സിന്റെ വില നിലവാരമോ ഗുണമേന്മയോ അറിയാൻ കഴിയാത്ത സാഹചര്യത്തിൽ അക്കാര്യം വളരെ ഗൗരവത്തോടുകൂടി പരിശോധിക്കണം. അരിയുടെ കള്ളക്കടത്ത് തടയാനുള്ള നടപടികൾ ശക്തമാക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇക്കഴിഞ്ഞ 5 വർഷക്കാലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നാഥനില്ലാ കളരിയായി മാറിയെന്നു മാത്രമല്ല പൊതുവിതരണ സമ്പ്രദായം പൊതു അഴിമതി വിതരണ കേന്ദ്രമായി മാറിയ സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. അഴിമതി കാണിച്ചിട്ടുള്ളവർക്കെതിരെ മാതൃകാപരമായി ശിക്ഷാനടപടികൾ സ്വീകരിക്കുകയും ഇനി ഈ മേഖലയിൽ അഴിമതി അനുവദിക്കുകയില്ലെന്നുള്ള നിശ്ചയദാർഢ്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയും ചെയ്യണം. റേഷൻ കടയുടമകൾക്ക് കമ്മീഷൻ വർദ്ധിപ്പിച്ച് കൊടുക്കുകയും റേഷൻ കടകളിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയ്ക്ക് പുറമേ അവശ്യ വസ്തുക്കൾ ലഭിക്കുന്ന മിനി മാവേലി സ്റ്റോറായും കുടുംബശ്രീ ഉല്പന്നങ്ങൾ വിപണനം ചെയ്യാനുള്ള പൊതു ഔട്ട്ലെറ്റായും റേഷൻകടകൾ പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. എഫ്.സി.ഐ.-യിൽനിന്നും അംഗീകൃത ഡീലേഴ്സ് കൊണ്ടുപോകുന്ന

അരി, ഗോതമ്പ് എന്നിവ ലക്ഷ്യ സ്ഥാനത്ത് എത്തുന്നു എന്ന് ഉറപ്പുവരുത്താൻ മിന്നൽ പരിശോധന നടത്തണം. പാലക്കാട്, ആലപ്പുഴ ജില്ല കളിൽ നടപ്പിലാക്കിയിട്ടുള്ള ഗോസുരക്ഷ പദ്ധതി മറ്റ് ജില്ലകളിൽക്കൂടി വ്യാപി പ്പിക്കാനുള്ള നടപടി സ്വീകരിക്കണം. പാൽ, മുട്ട, കോഴി എന്നിവ അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിപാ ടികൾ ആവിഷ്ക്കരിക്കണം. കേന്ദ്ര പദ്ധതികളുടെ ആനുകൂല്യം പ്രയോജന പ്പെടുത്തി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ മാറ്റമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. മന്ത്രിമാരുടെ വീടുകൾ മോടിപിടിപ്പിച്ചതിനെക്കുറിച്ച് ആക്ഷേ പമുണ്ടായപ്പോൾ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട് മാതൃകാപര മായ നിലപാട് സ്വീകരിച്ചതിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ.യു.സി.രാമൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇന്ന് ഒരു നോക്കുകുത്തിയായി നില്ക്കുന്നു. അന്ത്യോദയ പദ്ധതിപ്രകാരമുള്ള അരി വിതരണം ചെയ്യുന്നതിന്റെ കമ്മീഷനും നിരാശ്രയരും വൃദ്ധരുമായ ആളുകൾക്ക് നല്കുന്ന അന്നപൂർണ്ണ പദ്ധതിപ്രകാ രമുള്ള അരിയും ബി.പി.എൽ. കാർഡുടമകൾക്ക് ലഭിക്കുന്ന അരിയും ഗോതമ്പും ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തിട്ടില്ല. റേഷൻ ഷോപ്പുകൾ ഇന്ന് 'ഇല്ല' ഷോപ്പുകളായി മാറിയിരിക്കുന്നു. റേഷൻ കട ഉടമ കൾക്ക് ആകർഷകമായ കമ്മീഷൻ നല്കാനുള്ള നടപടിയുണ്ടാകണം. ശബരി സൂപ്പർ മാർക്കറ്റിൽ വിലസ്ഥിരത ഉറപ്പുവരുത്തണം. പാചകവാതക ക്ഷാമത്തിനു പരിഹാരം കാണണം. പാചക വാതക ക്ഷാമം രൂക്ഷമായിരി ക്കുന്ന കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൂടുതൽ ഗ്യാസ് സിലിണ്ടറു

കൾ അനുവദിക്കണം. ഡോർ ഡെലിവറി ചാർജ്ജ് വർദ്ധിപ്പിക്കുകയും ഫ്രീ ഡെലിവറി സോൺ 5 കിലോമീറ്റർ എന്നുള്ളത് 3 കിലോമീറ്ററായി നിജപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. കേരളത്തിലെ ക്ഷീര വ്യവസായരംഗം ഇന്ന് തകർച്ചയെ നേരിടുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന അറവുമാടുകൾക്ക് രോഗബാധയുണ്ടോ എന്നുള്ളത് സംസ്ഥാന അതിർത്തിയിൽ പരിശോധിക്കണം. ക്ഷീര കർഷകരുടെ ക്ഷേമനിധിയിലുള്ള അപാകതകൾ പരിഹരിക്കണം. കന്നുകാലികൾക്ക് കൃത്യമായി കുത്തിവയ്പ് നടത്തണം. മൃഗാശുപത്രികളിലെ ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫുകളുടേയും ഒഴിവുകൾ നികത്തുകയും ഒരു മൃഗാശുപത്രിയുടെ കീഴിൽ 3 ഉപകേന്ദ്രങ്ങളെങ്കിലും ആരംഭിക്കുകയും ചെയ്യണം. അന്യസംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ പാൽ ഇറക്കുമതി ചെയ്യുന്നത് തടയണം. മിൽമയ്ക്ക് ആവശ്യമായ സബ്സിഡി നൽകി ക്ഷീര കർഷകർക്ക് പാലിന് ന്യായവില കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കണം. ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങൾവഴി നൽകിക്കൊണ്ടിരിക്കുന്ന കാലിത്തീറ്റകൾ ഗുണനിലവാരമുള്ളതാണോ എന്ന് പരിശോധിക്കണം. മറ്റ് കർഷകർക്ക് കൊടുക്കുന്ന അതേ പരിഗണന ക്ഷീര കർഷകർക്കും നൽകണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാവപ്പെട്ട ജനങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തത് കേരള ജനതയ്ക്ക് ഈ ഗവണ്മെന്റ് നൽകിയ ഒരു ഓണ സമ്മാനമായിരുന്നു. മാർക്കറ്റ് ഇന്റർവെൻഷനിലൂടെ നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കാനും ന്യായമായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാനും വിപുലമായ സൗകര്യം ഓണക്കാലത്ത് ഒരുക്കാനും ഗവണ്മെന്റിനു കഴിഞ്ഞു. ധാരാളം വിപണന

കേന്ദ്രങ്ങൾ തുറക്കുകയും റേഷൻകടകളെ ശബരി സ്റ്റോറുകളാക്കി മാറ്റി മാവേലി സ്റ്റോറിലെ വിലയ്ക്കുതന്നെ സാധനങ്ങൾ വിൽപന നടത്തുകയു മുണ്ടായി. സപ്ളൈകോയ്ക്ക് സർക്കാർ ഗ്രാന്റ് നൽകി. മാർക്കറ്റ് ഇന്റർവെൻഷനിൽനിന്നും പിന്തിരിഞ്ഞ് സപ്ളൈകോയെ തകർക്കുന്ന നയ മാണ് കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചത്. വിലക്കയറ്റം നിയന്ത്രിക്കാനുള്ള ഒരു നടപടിയും എടുത്തിരുന്നില്ല. സർക്കാരിന്റെ വിലനിയന്ത്രണ സംവിധാന ങ്ങളെ യു.ഡി.എഫ്. സർക്കാർ നിശ്ചലമാക്കുകയാണ് ചെയ്തിരുന്നത്. രോഗ പ്രതിരോധ മേഖലയിലെല്ലാം അഴിമതിയായിരുന്നു. ഗുണനിലവാരം കുറഞ്ഞ പാൽ കണ്ടെത്താനുള്ള സംവിധാനമോ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന് ലൈസൻസ് ഏർപ്പെടുത്തുന്ന സംവിധാനമോ ആരോഗ്യ വകുപ്പിനില്ലായിരുന്നു. സ്കൂൾ കുട്ടികൾക്ക് കൊടുത്തുകൊണ്ടിരുന്ന ഉച്ചക്കഞ്ഞിയുടെ കാര്യത്തിൽപ്പോലും അഴിമതി നടത്തി. 1500 കർഷക ആത്മഹത്യകൾ നടന്നു. കേരളത്തിൽ നടക്കുന്ന വിൽപനയുടെ 2 ശതമാനം മാത്രമാണ് സപ്ളൈകോ വഴി നടക്കുന്നത്. അത് പത്ത് ശതമാനമായി ഉയർത്താൻ ഗവണ്മെന്റ് ശ്രമിക്കണം. ഈ ഗവണ്മെന്റ് 46000 കേന്ദ്രങ്ങൾവഴി 19 ലക്ഷം കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി; പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി; നെല്ല് സംഭരണം നടപ്പിലാക്കി. നെല്ലുസംഭരണത്തിന്റെ കാര്യത്തിൽ തൃശൂർ ജില്ലയെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരി ക്കണം. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം അവശ്യവസ്തു ക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നടപടിയെടുക്കണം. ഉപഭോക്തൃ തർക്കപരിഹാര കമ്മിഷൻ മുമ്പാകെ കെട്ടിക്കിടക്കുന്ന കേസുകൾക്ക് പരിഹാരം കാണണം. കമ്മിഷന്റെ പ്രവർത്തനത്തിനാവശ്യമായ ജുഡീഷ്യൽ പരിചയമുള്ള സ്റ്റാഫിനെ നിയമിക്കണം.

<u>ശ്രീ. ബി. ബാബു പ്രസാദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് ഭക്ഷ്യ സിവിൽസപ്ളൈസ് വകുപ്പ് അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്നു. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് നിലവിലിരിക്കുന്ന പൊതുവിതരണ സമ്പ്രദായത്തിന് നേതൃത്വം കൊടുക്കേണ്ട ഈ വകുപ്പിനെ വളരെ അവധാനതയോടെയും സുതാര്യതയോടെയും കൈകാര്യം ചെയ്യേണ്ടതാണ്. എറണാകുളം എഫ്.സി.ഐ. ഗോഡൗണിലെ അരി കുംഭകോണം സംബന്ധിച്ച് ഇതുവരെ ഒരു നടപടിയും എടുത്തിട്ടില്ല. എഫ്.സി.ഐ. ഗോഡൗണിൽനിന്നും ഫസ്റ്റ് ക്വാളിറ്റി അരി സ്വകാര്യ ഫ്ളവർ മില്ലുകളിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് അന്വേഷിക്കണം. റേഷൻ സാധനങ്ങൾ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ കൂടിയ വിലയ്ക്ക് മറിച്ചുവിൽക്കുകയാണ്. ‘തൊഴിലിന് കൂലി ഭക്ഷണം’പദ്ധതിയുടെ നടത്തിപ്പിലും അഴിമതിയാണ്. സബ്സിഡൈസ്ഡ് റേറ്റിൽ ഗാർഹിക ഉപയോഗത്തിന് നൽകുന്ന എൽ.പി.ജി. സിലിണ്ടർ വിതരണത്തിലും വൻ തട്ടിപ്പ് നടക്കുകയാണ്.

<u>ശ്രീ.ടി.പി.കുഞ്ഞുണ്ണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകത്ത് 86 കോടി പട്ടിണിക്കാരുള്ളതിൽ 32 കോടി കേരളത്തിലാണ്.. രാജ്യം ഭരിച്ച എല്ലാ സർക്കാരുകളും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഭക്ഷ്യ രംഗവും പൊതുവിതരണ സമ്പ്രദായവും മെച്ചപ്പെടുത്താൻ ഒരു സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് മാത്രം ആവില്ല. കാർഷികോൽപ്പാദന വിപണന നിയമത്തിൽ മാറ്റങ്ങൾ വരുത്തിയതുമൂലം സ്വകാര്യ മുതലാളിമാർക്ക് കാർഷികോൽപ്പന്ന വിപണിയിൽ കടന്നുകയറാൻ അവസരം ഉണ്ടായതിലൂടെ രാജ്യത്തിന്റെ ഭക്ഷ്യ ശേഖരത്തിന്റെ വിലയിൽ ഇടിവുണ്ടായി. ഭക്ഷ്യ ശേഖരണത്തിലെ

കമ്മിമൂലമാണ് അന്ത്യോദയ, അന്നപൂർണ്ണ തുടങ്ങിയ പദ്ധതികളെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന് ചിന്തിക്കേണ്ടിവന്നത്. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ 75 ശതമാനം സാധനങ്ങളും അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകയാണ്. 2002-നുശേഷം 18 തവണ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു. എണ്ണക്കമ്പനികൾക്ക് എണ്ണയുടെ വില നിശ്ചയിക്കാൻ അധികാരം കൊടുത്തത് എൻ.ഡി.എ. ഗവൺമെന്റാണ്. തുടർന്ന് അധികാരത്തിൽ വന്ന യു.പി.എ. ഗവൺമെന്റും ആ തീരുമാനം മാറ്റാൻ തയ്യാറായില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സമീപനംമൂലമാണ് പൊതുവിതരണ സമ്പ്രദായം അട്ടിമറിക്കപ്പെട്ടത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഭൂമി ഇല്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് 5 ഏക്കർ ഭൂമി നൽകുമെന്ന വാഗ്ദാനം ലംഘിച്ചു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വർഷങ്ങളോളം പൂഴ്ത്തിവച്ചു. തെരഞ്ഞെടുപ്പ് അടുത്ത ഘട്ടത്തിലാണ് അതിലൊരു തീരുമാനമെടുക്കാൻ ആ ഗവൺമെന്റിന് സാധിച്ചത്. ഒരു കപ്പ് പാലും ഷേക് ഹാന്റും, എക്സ്പ്രസ് ഹൈവേ, സ്മാർട്ട് സിറ്റി, സമ്പൂർണ്ണ മദ്യ നിരോധനം ഇതൊന്നും കഴിഞ്ഞ ഗവൺമെന്റിന് നടപ്പാക്കാൻ സാധിച്ചില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് ചെയ്യാൻ കഴിയാത്ത ഒട്ടേറെ കാര്യങ്ങൾ മൃഗസംരക്ഷണ മേഖലയിലുൾപ്പെടെ ഈ ഗവൺമെന്റിന് ചുരുങ്ങിയ കാലയളവിനുള്ളിൽ ചെയ്യാൻ സാധിച്ചു.

ശ്രീ. എൻ. അനിരുദ്ധൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഭക്ഷ്യ വകുപ്പ് ഒരു നാഥനില്ലാക്കളരി യായിരുന്നു. ഈ മേഖലയിൽ ഇപ്പോൾ മാറ്റങ്ങൾ വന്നുതുടങ്ങി. മന്ത്രി മന്ദിരങ്ങൾ മെയിന്റനൻസ് ചെയ്യുന്നതിൽ മന്ത്രിമാർക്ക് പങ്കില്ല. കേരളത്തിൽ പൊതുവിതരണ രംഗത്ത് ശക്തമായ അടിത്തറയുണ്ടാക്കിയത് ഇടതുപക്ഷ

പ്രസ്ഥാനമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പൊതുവിതരണ സമ്പ്രദായം സംശുദ്ധമാക്കി മുന്നോട്ടുകൊണ്ടു പോകാനാകും. മൃഗ സംരക്ഷണ വകുപ്പിൽ നിരവധി കാര്യങ്ങൾക്ക് ഈ ഗവൺമെന്റ് തുടക്കംകുറിച്ചിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയിൽ 11 ശതമാനം വളർച്ച മൃഗ സംരക്ഷണം വഴിയാണ് ഉണ്ടായിട്ടുള്ളത്. 40 ശതമാനം പാലും 60 ശതമാനം മുട്ടയും 65 ശതമാനം ഇറച്ചിയും അന്യ സംസ്ഥാനങ്ങളിൽനിന്നാണ് സംസ്ഥാനത്ത് എത്തുന്നത്. ഇവ ഭക്ഷ്യയോഗ്യ മാണെന്ന് ഉറപ്പുവരുത്തുന്നില്ല. ഇതിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഒരു വീട്ടിൽ ഒരു കന്നുകാലിയും കോഴിയും വളർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ നടക്കുകയാണ്. ബി.പി.എൽ., എ.പി.എൽ. എന്നിവ നിശ്ചയി ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കണം. ബി.പി.എൽ.കാർക്ക് ന്യായമായ അവകാശങ്ങൾ ലഭിക്കാതെയും എ.പി.എൽ.കാർക്ക് അർഹതയില്ലാത്തവ ലഭിക്കുകയും ചെയ്യുന്നതിന് പരിഹാരമുണ്ടാകണം. ആവശ്യമായ ബോധവൽക്കരണം നടത്തി, ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കന്നുകാലി വളർത്തലിനെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിക്കണം. കൊട്ടിയത്തുള്ള എൽ.എൻ.ടി.സി. ട്രെയിനിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കണം. വികസന പദ്ധതികൾ നടപ്പാക്കണം, ഇതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണം. ജന്തുജന്യരോഗങ്ങൾക്ക് പരിഹാരം കാണത്തക്കവിധം വെറ്ററിനറി ഡിപ്പാർട്ട്മെന്റ് കാര്യക്ഷമമാക്കണം. ജന്തുരോഗ വിമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള പദ്ധതികളുമായി ഈ ഗവണ്മെന്റ് മുന്നോട്ടുപോകണം. ഗോ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. പാലുൽപ്പാദന മേഖലയിൽ പുതിയ

സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷനുള്ള സൗകര്യമുണ്ടാക്കണം. അഴിമതിരഹിതമായ ഭരണത്തിലൂടെ ഈ ഗവണ്മെന്റ് സമൂഹത്തോടുള്ള പ്രതിബദ്ധത പാലിക്കുമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല.

<u>ശ്രീ.എ.സി.മൊയ്തീൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പർച്ചേസ് വ്യവസ്ഥകൾ ലംഘിച്ച് സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സമിതിയെ നിർവ്വീര്യമാക്കി ലോക്കൽ പർച്ചേസ് നടത്തി കോടിക്കണക്കിന് രൂപ സിവിൽ സപ്ളൈസ് കോർപ്പറേഷന് നഷ്ടമുണ്ടാക്കിയ ഉത്തരവാദിത്വത്തിൽനിന്ന് യു.ഡി.എഫ്. ഗവണ്മെന്റിന് പിൻമാറാൻ സാധിക്കുകയില്ല. സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ അഴിമതി നിയന്ത്രിച്ച് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി അതിന്റെ ഗുണം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികളുമായി ഈ ഗവണ്മെന്റ് മുന്നോട്ടു പോകുകയാണ്. നിത്യോപയോഗസാധനങ്ങൾക്ക് വിലക്കയറ്റമാണെന്ന് ചിത്രീകരിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം വൃഥാവിലാണ്. കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന രീതിയിൽ റേഷൻ സബ്സിഡി എടുത്തുകളയുന്ന കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങൾ തിരുത്താനുള്ള ആർജ്ജവം ഈ ഗവണ്മെന്റ് കാണിക്കണം. പൊതുമിനിമം പരിപാടിയുടെ ചട്ടങ്ങൾ മറികടന്നുകൊണ്ടുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നയത്തിനെതിരെ പ്രതികരിക്കാൻ യു.ഡി.എഫ്. തയ്യാറാകണം. 15 ശതമാനം ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതിന്റെ ഭാഗമായി 4524 കോടി രൂപയാണ് കേന്ദ്ര ഗവണ്മെന്റിന് ലഭിച്ചത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിലൂടെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റമുണ്ടാകുന്നത് സ്വാഭാവികമാണ്. വിലക്കയറ്റം തടയാനുള്ള നിർദ്ദേശങ്ങളും പരിപാടികളുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ്

മുന്നോട്ടുപോകുന്നത്. പൊതുമിനിമം പരിപാടിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഈ ഗവണ്മെന്റ് ഉറച്ചുനിൽക്കണം. പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് പഠിക്കാൻ കൺസൽട്ടൻസിയെ നിയോഗിച്ച നടപടി അതിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്നതിന് തുല്യമാണ്. പൊതുവിതരണ രംഗം ശക്തിപ്പെടുത്താനുള്ള നടപടികളുമായി ഈ ഗവണ്മെന്റ് മുന്നോട്ടുപോകണം. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് മൂന്നു രൂപ നിരക്കിൽ അരി വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ച യു.ഡി.എഫ്. ഗവണ്മെന്റ് അതിനായി നയാപൈസപോലും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നില്ല. നെൽകർഷകരെ രക്ഷിക്കുന്നതിനായി ഈ ഗവണ്മെന്റ് കിലോഗ്രാമിന് 8.50 രൂപ വില നിശ്ചയിച്ച് നെല്ല് സംഭരിക്കാനുള്ള ആർജ്ജവം കാണിച്ചു. കൃഷിക്കാരോട് ബാധ്യതയുള്ള ഒരു ഗവണ്മെന്റാണിത്. കേന്ദ്ര ഗവണ്മെന്റിന്റെ ആഗോളവൽക്കരണ നയങ്ങൾ ക്ഷീരമേഖലയെ ഏതു രീതിയിൽ ബാധിച്ചിട്ടുണ്ടന്നുള്ളത് പരിശോധിക്കണം പാലുൽപ്പാദന രംഗത്തു ണ്ടായിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് അതിന്റെ കുറവ് പരിഹരിക്കാനാ വശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തെ കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും ഫലമായി മിൽമയിൽ 12 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയതു സംബന്ധിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായവരെ കണ്ടുപിടിക്കണം. ആലപ്പുഴ ജില്ലയിലെ പടന്നക്കാട് കാറ്റിൽഫീഡ് ഫാക്ടറിയിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. പുറമേനിന്നുവരുന്ന പാലിന് ടാക്സ് ഈടാക്കണം. കേരളത്തിലെ ഉപഭോക്തൃ ഫോറങ്ങളിലെ ഒഴിവുകൾ നികത്തി അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിച്ചതു

സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്ന കൂട്ടത്തിൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ക്ളിഫ് ഹൗസ് ഉൾപ്പെടെയുള്ള മന്ത്രിമന്ദിരങ്ങൾ മോടി പിടിപ്പിക്കാൻ അംഗീകാരം കൊടുത്ത കാര്യം കൂടി അന്വേഷിക്കണം. പൊതുവിതരണശൃംഖലയുടെ തകർച്ചയ്ക്ക് പരിഹാരം കാണാൻ ഈ സർക്കാർ ശ്രമിച്ചുവരികയാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരുപാട് പ്രവർത്തനങ്ങൾ ഈ വകുപ്പിൽ ചെയ്യാൻ കഴിഞ്ഞതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. അടൂർ പ്രകാശ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായി 1-6-1997-ലാണ് എ.പി.ൽ.-ബി.പി.എൽ. ലിസ്റ്റ് തരംതിരിച്ചത്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 25 ശതമാനം തുക അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാർ 17 ശതമാനം കൂടുതൽ തുക ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല. ഇതിന് പരിഹാരമുണ്ടാകണം. പഞ്ചായത്ത് ഭരണസമിതിയെ ചുമതലപ്പെടുത്തി ബി.പി.എൽ ലിസ്റ്റ് തരംതിരിച്ചപ്പോൾ അനർഹരായ ധാരാളം പേർ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടു. അനർഹരായവരെ ഒഴിവാക്കി അർഹതയുള്ള ബി.പി.എൽ. കാരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അഴിമതിയെ സംബന്ധിച്ച് ജൂഡീഷ്യൽ അന്വേഷണം നടത്തിയ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ വിറ്റുവരവ് വർദ്ധിപ്പിക്കാൻ നടപടി

സ്വീകരിക്കുന്നതോടൊപ്പം ആ സ്ഥാപനത്തെ സ്വന്തം കാലിൽ നിലനിർത്താനുള്ള സാഹചര്യമുണ്ടാക്കണം.

**പ്രസ്താവന**

ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത് സംബന്ധിച്ച്

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു.കുരുവിള): ഇന്ന് സഭയിൽ നൽകേണ്ടതായ 4 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കും 51 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്കുമുള്ള ഉത്തരം നിയമസഭാ സെക്രട്ടേറിയറ്റിൽ രാവിലെ തന്നെ എത്തിച്ചിട്ടുണ്ട്. എല്ലാ ഉത്തരങ്ങളും ഒന്നിച്ചു നൽകുവാൻ ശ്രമിച്ചതുകൊണ്ടാണ് താമസം നേരിട്ടത്. ഇങ്ങനെ എത്തിക്കുന്നതിൽ കാലതാമസം വന്നതിൽ ഖേദിക്കുന്നു. ഇനിമുതൽ കൃത്യമായി ഉത്തരങ്ങൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

**ധനകാര്യം (തുടർച്ച)**

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഉന്നതനിലവാരം പുലർത്തുന്ന ചർച്ചയാണ് ഇന്നിവിടെ നടന്നത്. ക്രമാതീതമായ വിലക്കയറ്റം തടയുന്നതിൽ Civil Supplies Corporation-ഉം Supplyco-യും പരാജയപ്പെട്ടുവെന്ന്. പറയുന്നത് ശരിയല്ല. കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ഒരു മന്ത്രിയെന്ന നിലയിൽ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്തിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ വിലക്കയറ്റവും പ്രതിഓഹരി വരുമാനത്തിന്റെ വർദ്ധനവും തമ്മിൽ പൊരുത്തപ്പെട്ടുപോകുന്നില്ലെന്ന് ഇതു സംബന്ധിച്ച് നടത്തിയ ഒരു പഠനത്തിൽ പറയുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ഗോതമ്പ് ഇറക്കുമതി ചെയ്യാൻ തീരുമാനിക്കുകയും പിന്നീട് ഇന്റർനാഷണൽ

മാർക്കറ്റിൽ വില കൂടിയതുകൊണ്ട് അതിൽനിന്നും പിൻമാറുകയും ചെയ്തു. 69 ലക്ഷത്തിലധികം റേഷൻ കാർഡുകളും 14,000-ത്തിലധികം റേഷൻ കടകളുമുള്ള പൊതുവിതരണശൃംഖല വളരെയേറെ സാമ്പത്തിക ക്ളേശങ്ങൾ നേരിടുന്നതിനാൽ അതിനെ കുറ്റമറ്റതാക്കിത്തീർക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2007-ൽ കാർഡ് പുതുക്കി കൊടുക്കുമ്പോൾ റേഷൻ സമ്പ്രദായത്തിലെ എ.പി.എൽ/ബി.പി.എൽ. വൈരുദ്ധ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം റേഷൻ കാർഡ് അതിമനോഹരമായ ഒരു ഐറിഷ് കാർഡ് മോഡലിൽ ലാമിനേറ്റ് ചെയ്ത് എല്ലാ കാര്യങ്ങൾക്കും ഉപയോഗിക്കാവുന്ന വിധത്തിൽ ഒരു വാലിഡ് ഡോക്യുമെന്റാക്കി നൽകുന്നതാണ്. അതിനുവേണ്ടി കെൽട്രോണിന്റെ സാങ്കേതിക ഉപദേശം തേടുന്നതാണ്. കഴിഞ്ഞ സർക്കാർ ബി.പി.എൽ. കാർഡുകാർക്ക് 3 രൂപ നിരക്കിൽ ഒരു കിലോ അരി കൊടുക്കാൻ തീരുമാനിച്ചത് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവണ്മെന്റ് ബഡ്ജറ്റിൽ ഇതിനായി അലോട്ട്മെന്റ് വയ്ക്കാത്തതിനാൽ 120 കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടായി. അതിൽ 70 കോടി രൂപ കൊടുത്തു. ഇനി 50 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചാൽ മാത്രമേ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുകയുള്ളൂ. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ആളുകൾക്ക് സഹായം ചെയ്യാൻ ഈ ഗവണ്മെന്റ് സന്നദ്ധമാണ്. ഓണക്കാലത്ത് പാവപ്പെട്ടവർക്ക് ഓണക്കിറ്റ് കൊടുത്തതിനെ ക്രൂരമായി വിമർശിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചത്. പാവപ്പെട്ടവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഗവൺമെന്റിനെ നിരുൽസാഹപ്പെടുത്തുന്നത് സാമൂഹ്യ പ്രവർത്ത നത്തിന്റെ ഭാഗമല്ല. കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടുകൂടി ഇത്തരം

നടപടികളെ കാണണം. നാല് മാസത്തിനിടയിൽ കേരളത്തിലെ പാവപ്പെട്ട ആളുകൾക്കുള്ള റേഷനും ഗോതമ്പും മണ്ണെണ്ണയുമെല്ലാം നിഷ്ക്കരുണം വെട്ടിക്കുറച്ച കേന്ദ്ര ഗവണ്മെന്റിന്റെ സമീപനത്തെക്കുറിച്ച് യു.ഡി.എഫ്. ഒന്നും പറയുന്നില്ല. അയ്യായിരം ടൺ ഗോതമ്പ് മാത്രമാണ് കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചത്. മണ്ണെണ്ണ, പഞ്ചസാര എന്നിവ അനുവദിച്ചിട്ടില്ല. കേരളത്തിൽ റേഷൻ സമ്പ്രദായം നിലനിൽക്കണമെങ്കിൽ കേന്ദ്ര ഗവണ്മെന്റിന്റെ പ്രത്യേക പരിഗണന കേരളത്തിനുണ്ടാകണമെന്നുള്ള പ്രതീക്ഷകൾക്ക് ഇപ്പോൾ മങ്ങലേൽക്കുകയാണ്. എല്ലാ സബ്സിഡികളും നിർത്തി സാമൂഹ്യ ബാധ്യതകളിൽനിന്നും പിൻതിരിയണമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. എഫ്.സി.ഐ.-യുടെയും കേന്ദ്ര ഗവണ്മെന്റിന്റെയും ഈ സമീപനംമൂലം കേരളത്തിലെ റേഷൻ സമ്പ്രദായത്തിന്റെ ഭാവി ഇരുളടഞ്ഞതാകാൻ പോകുകയാണ്. പ്രോഫിറ്റ് ആന്റ് ലോസിന്റെ അടിസ്ഥാനത്തിൽ ഒരു രാജ്യത്തിന്റെ നയം തീരുമാനിക്കുന്നത് കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായത്തെ ഗുരുതരമായി ബാധിക്കും. അതുകൊണ്ട് നിലവിലുള്ള റേഷൻ ക്വോട്ട വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവണ്മെന്റിൽ നാം യോജിച്ച് സമ്മർദ്ദം ചെലുത്തണം. കേരളത്തിന്റെ റേഷനിംഗ് സിസ്റ്റം കണ്ടിന്യൂ ചെയ്യണമെങ്കിൽ കേന്ദ്രത്തിന്റെ ഉദാരമായ സമീപനം ഉണ്ടാകണം. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്ന സമയത്ത് ബി.പി.എൽ. വിഭാഗത്തിലെ കുറച്ചാളുകൾ മാത്രമാണ് റേഷൻ കടകളെ ആശ്രയിച്ചിരുന്നത്. 68 ലക്ഷം ആളുകളിൽ 48 ലക്ഷം ആളുകൾ കേരളത്തിലെ റേഷൻ കടകളോട് വിടപറഞ്ഞുകഴിഞ്ഞു. കാർഡുടമകൾക്ക് ഗുണനിലവാരമുള്ള അരിയും ഗോതമ്പും മണ്ണെണ്ണയും പഞ്ചസാരയും കൃത്യമായി റേഷൻ കടകളിലൂടെ ലഭ്യമാക്കുക എന്നുള്ള

താണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഉദ്ദേശം. റേഷൻ കടകൾ പഴയതുപോലെ സജീവമാകുന്നതിനുവേണ്ടിയുള്ള നടപടികൾ കഴിഞ്ഞ നാല് മാസത്തിനിടയിൽ സ്വീകരിച്ചതിന്റെ ഫലമായി ഇപ്പോൾ റേഷൻ കടകളുടെ പ്രവർത്തനങ്ങളിൽ സാരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. റേഷൻകട ലൈസൻസികൾക്കുള്ള പരാതി പരിഹരിക്കാൻ നടപടിയെടു ക്കുന്നതിനായി ഒരു ഒൺമാൻ കമ്മിഷനെ നിയമിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു. റേഷൻ ഡീലേഴ്സിന്റെ കോൺഫറൻസുകൾ വിളിച്ചുകൂട്ടി അവർക്ക് ലാഭകരമാക്കി റേഷൻ കട നടത്താൻ ഗവൺമെന്റ് സഹായിക്കുമെന്ന് ഉറപ്പുനൽകി. എഫ്.സി.ഐ.യിൽനിന്ന് റേഷൻ കടകളിൽ പോകുന്ന അരി ഡി.എസ്.ഒ.മാരും ടി.എസ്.ഒ.മാരും കൂട്ടുനിന്ന് തിരിമറി നടത്തുന്നുവെന്നുള്ള ആക്ഷേപം കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ ഉണ്ടായതല്ല. ഈ ഗവൺമെന്റ് പുതിയതായി ആരെയും നിയമിച്ചിട്ടില്ല. നേരത്തെ ഉണ്ടായിരുന്ന അതേ മെഷിനറിയും സിസ്റ്റവുമാണ് ഇപ്പോഴുമുള്ളത്. അത് കുറച്ചുകൂടി നന്നാക്കാൻ ശ്രമിക്കും. അതിന് പ്രതിപക്ഷം സഹകരിക്കണം. ഈ ഗവൺമെന്റ് കേരളത്തിലെ റേഷനിംഗ് സമ്പ്രദായം അഴിമതിരഹിതമായും കാര്യക്ഷമമായും നടത്താൻ ശക്തമായ നടപടികളെടു ക്കുന്നതിന്റെ പേരിൽ പല ഭീഷണികളും ഉണ്ടാകുന്നുണ്ട്. റേഷൻ കടകളിലെ കൊള്ളയും തിരിമറിയും അവസാനിപ്പിച്ചുകൊണ്ട് യഥാർത്ഥ റേഷൻ കാർഡു ടമയ്ക്ക് അനുവദിച്ചിട്ടുള്ള അരിയും ഗോതമ്പും പഞ്ചസാരയും മണ്ണെണ്ണയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും. അതിന് ഇടനിലക്കാരെ അനുവദി ക്കുകയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒറ്റ ഹോൾസെയിൽ കടയും അനുവദിച്ചിട്ടില്ല. 56 കടകൾ സസ്പെന്റ് ചെയ്യുകയും ആയിരക്കണക്കിന് ക്വിന്റൽ അരി പിടിച്ചെടുക്കുകയും പന്ത്രണ്ട് ഉദ്യോഗസ്ഥരെ സസ്പെന്റ്

ചെയ്യുകയും രണ്ട് ഹോൾസെയിൽ കട ക്യാൻസൽ ചെയ്യുകയും ചെയ്തു. അഴിമതി പരിഹരിക്കാനുള്ള നടപടികളെ വിമർശിക്കുന്നത് ശരിയല്ല. റേഷൻ കാർഡുടമകൾക്ക് അർഹതപ്പെട്ട റേഷൻ ഗുണമേൻമയിലും അള വിലും വിലയിലും യഥാസമയം ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊ ണ്ടിട്ടുണ്ട്. എഫ്.സി.ഐ.യിൽനിന്നും സ്റ്റോക്ക് എടുക്കുന്ന റേഷൻ സാധനങ്ങ ളുടെ ഗുണനിലവാരം ഉറപ്പുവരുത്തി നിശ്ചിത ഗുണമേൻമയിലും അളവിലും റേഷൻ മൊത്തവ്യാപാര ഡിപ്പോയിലും ചില്ലറ വ്യാപാര ഡിപ്പോയിലും എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക്/ സപ്ലൈ ഓഫീ സർക്കും റേഷനിംഗ് ഇൻസ്പെക്ടർക്കും കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. നിലവിലുള്ള പരിശോധന സംവിധാന ങ്ങൾക്ക് പുറമെ സംസ്ഥാന തലത്തിൽ നാല് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ സ്ക്വാഡുകൾ 20.9.06 വരെ സംസ്ഥാനത്ത് നടത്തിയ പരിശോധനയിൽ 559 എ.ആർ.ഡി. കടകളും 27 ഹോൾസെയിൽ കടകളും പരിശോധിക്കുകയും 32 കടകൾ സസ്പെന്റ് ചെയ്യുകയും 56 കടകൾക്ക് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ പ്രൈസ് മോണിട്ടറിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗോതമ്പ്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ പൂഴ്ത്തിവയ്പ് തടയാൻ നിയമപ്രകാരം നടപടി സ്വീകരിച്ചി ട്ടുണ്ട്. പൊതു വിതരണം കാര്യക്ഷമമാക്കുന്നതിന് റേഷൻ വ്യാപാരികളുടെ സഹകരണം ഉറപ്പാക്കുന്നതിനായി അവരുമായി നിരന്തരം ഗവൺമെൻറ് ബന്ധപ്പെടുന്നുണ്ട്. സൗജന്യ റേഷൻ വിതരണ ത്തിന് വ്യാപാരികൾക്ക് കൊടുക്കേണ്ടിയിരുന്ന 2 കോടി 9 ലക്ഷം രൂപയിൽ 1 കോടി 67 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. കാലവർഷക്കെടുതിമൂലം ദുരിതം

അനുഭവിക്കുന്ന തീരദേശവാസികൾ, പട്ടികവർഗ്ഗ വിഭാഗങ്ങൾ, ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയ കാലയളവിൽ മെഷീൻ ഘടിപ്പിച്ച ബോട്ടിലെ മൽസ്യത്തൊഴിലാളികൾ തുടങ്ങിയവർക്ക് സൗജന്യ റേഷൻ വിതരണം ചെയ്തു. തോട്ടം മേഖലയിലെ പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളി കൾക്കും ഈറ്റ തൊഴിലാളികൾക്കും സൗജന്യ റേഷൻ വിതരണം ചെയ്യുന്നതോടൊപ്പം ചിക്കുൻ ഗുനിയ ബാധിച്ച പ്രദേശങ്ങളിൽ രണ്ടാഴ്ചത്തെ സൗജന്യ റേഷനും വിതരണം ചെയ്യുകയുണ്ടായി. വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന പാചകവാതകം ഗാർഹികേതര ആവശ്യത്തിന് മിസ്‌യൂസ് ചെയ്യുന്നതു സംബന്ധിച്ച് പലയിടത്തും റെയ്ഡുകൾ നടത്തിയതിന്റെ ഫലമായി 1346 സിലിണ്ടറുകൾ പിടിച്ചെടുത്തു. ഗ്യാസ് സിലിണ്ടർ വിതരണ ത്തിലെ ക്രമക്കേടുകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുകയല്ലാതെ ഗ്യാസ് ഏജൻസികളുടെ മേൽ യാതൊരു നടപടികളും എടുക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും ഉന്നത അധികാരികളാണ് ഗ്യാസ് ഏജൻസികളുടെ മേൽ നടപടികൾ സ്വീകരിക്കേണ്ടത്. സംസ്ഥാന ഗവണ്മെന്റ് ഒട്ടേറെ റിപ്പോർട്ടുകൾ ശേഖരിച്ച് നൽകിയിട്ടുണ്ട്. ഗ്യാസ് വിതര ണത്തിൽ വരുന്ന ക്രമക്കേടുകൾ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട പെട്രോളിയം കമ്പനിയുടെ മാനേജർമാർ, ഡി.എസ്.ഒ., പോലീസ് ഉദ്യോഗസ്ഥർ, ഗ്യാസ് ഏജൻസികൾ, ഉപഭോക്താക്കൾ എന്നിവരടങ്ങുന്ന ഓപ്പൺ ഫോറങ്ങൾ 14 ജില്ലകളിലും സംഘടിപ്പിച്ച് പരാതികൾ പരിഹരി ക്കാൻ ശ്രമം നടത്തിവരുന്നു. പഞ്ചസാര എ.പി.എൽ. വിഭാഗത്തിനുകൂടി നൽകുന്നതിനായി അലോട്ട്മെന്റ് നടത്തുക, വെട്ടിക്കുറച്ച ഗോതമ്പിന്റെ അളവ് പുനഃസ്ഥാപിക്കുക, ഗോതമ്പ് ആട്ടയാക്കി വിതരണം ചെയ്യുന്നതിന്

പ്രത്യേകം അലോട്ട്മെന്റ് നൽകുക, ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ മാത്രം എഫ്.സി.ഐ. ഗോഡൗണുകളിലൂടെ വിതരണം ചെയ്യുക,. മണ്ണെണ്ണ യുടെ അലോട്ട്മെന്റ് വർദ്ധിപ്പിക്കുക, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വെട്ടി ക്കുറച്ച അന്നപൂർണ്ണ അരിയുടെ വിഹിതം പ്രതിമാസം 450 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കായി കേന്ദ്ര ഗവൺമെന്റുമായി സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവശേഷിക്കുന്ന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് കേരളത്തിലെ എം.പി.മാരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. റേഷൻ ഉല്പന്നങ്ങൾ ക്രമം തെറ്റാതെ വിതരണം ചെയ്താൽ മാത്രമേ റേഷൻ കടകൾ സജീവമാകുകയുള്ളൂ. സംസ്ഥാന ഫുഡ് ആന്റ് സിവിൽ സപ്ലൈസ് സ്റ്റേറ്റ് അഡ്വൈസറി വിജിലൻസ് കമ്മറ്റി ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്. ജില്ലാ/ താലൂക്ക് നിലവാരത്തിൽ ഈ കമ്മിറ്റി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുന്ന താണ്. ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി റേഷൻ സമ്പ്രദായത്തിൽ കാര്യമായ മാറ്റം വരുത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രത്യാശിക്കുന്നത്. ഇപ്പോഴുള്ള പരാതികളെല്ലാം തന്നെ ഈ രംഗത്ത് അവസാനിപ്പിക്കാൻ കഴിയും. വരുന്ന ആറ് മാസക്കാലത്തിനുള്ളിൽ എ.പി.എൽ./ ബി.പി.എൽ തരംതിരിവ് പൂർത്തിയാക്കി പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതാ യിരിക്കും. താലൂക്ക് സപ്ലൈ ആഫീസുകളിൽ തുടങ്ങിവച്ച കമ്പ്യൂട്ടർവൽക്ക രണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. റേഷൻ ഗോതമ്പ് ആട്ടയാക്കി തുച്ഛമായ വിലയ്ക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. സപ്ലൈകോയുടെ വിറ്റുവരവ് 1300 കോടി രൂപയാക്കി അതിനെ കേരളത്തിലെ ഏറ്റവും കൂടുതൽ ടേണോവറുള്ള പൊതുമേഖലാ സ്ഥാപന മാക്കാനാണ് ലക്ഷ്യമിടുന്നത്. സപ്ലൈകോയിൽ നടന്ന അഴിമതിയെക്കുറിച്ച്

ആറ് അന്വേഷണങ്ങൾ നടത്തി കച്ചവടക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും എതിരെ എടുത്ത 18 ക്രിമിനൽ കേസുകൾ എറണാകുളത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പരിഹാരം കാണാതെ കിടക്കുകയാണ്. ഈ കേസുകൾ സി.ബി.ഐ.ക്ക് വിടുന്നതിനുപകരം റിട്ടയേർഡ് ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ പോസ്റ്റ് ചെയ്യുകയാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. ആ കമ്മീഷന്റെ കാലാവധി കഴിഞ്ഞപ്പോൾ വീണ്ടും കാലാവധി നീട്ടി കൊടുത്തു. ഇപ്പോൾ ഈ കേസ്സുകൾ സി.ബി.ഐ.ക്ക് വിടുന്ന കാര്യം ക്യാബിനറ്റ് പരിഗണിച്ചിരിക്കുകയാണ്. ക്യാബിനറ്റ് തീരുമാനം വന്നാൽ അതിനുള്ള നടപടികൾ സ്വീകരിക്കും. സി.ബി.ഐ.അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് പാസ്സാക്കിയ പ്രമേയമാണ്. കമ്പോള വിലയേക്കാൾ കൂടിയ വിലയ്ക്ക് ഉല്പന്നങ്ങൾ വാങ്ങി സർക്കാർ നൽകിയ സബ്സിഡിയിൽ 134.39 കോടി രൂപയുടെ ദുർവിനിയോഗം നടത്തിയതിനെക്കുറിച്ചാണ് ആദ്യത്തെ അന്വേഷണം നടത്തുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹൈടെക് സൂപ്പർ മാർക്കറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ഡോർ ഡെലിവറി സംവിധാനവും ശബരിമലയിൽ അയ്യപ്പ ഭക്തന്മാർക്കുവേണ്ടി മാർക്കറ്റ് കോംപ്ലക്സും ആരംഭിക്കാൻ സപ്ലൈകോ തീരുമാനിച്ചിട്ടുണ്ട്. സപ്ലൈകോ-യ്ക്ക് മാത്രമായി ഒരു സ്പെഷ്യൽ ഇന്റലിജൻസ് സെൽ രൂപീകരിക്കുന്നതാണ്. ഇൻഡ്യൻ ഓയിൽ കോർപ്പ റേഷനുമായി ബന്ധപ്പെട്ട് സപ്ലൈകോ-യുടെ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 500 പുതിയ ശബരി മാർക്കറ്റുകൾ ആരംഭിക്കുന്നതാണ്. കുത്തക കമ്പനികൾ

ആരംഭിക്കാൻ പോകുന്ന നിത്യോപയോഗസാധനങ്ങളുടെ ഔട്ട്ലെറ്റുകളോട് മത്സരിക്കാൻ റേഷൻ കടകളും സപ്ലൈകോയുടെ ഔട്ട്ലെറ്റുകളും മറ്റ് പൊതുമേഖലാ ഏജൻസികളുമായി യോജിച്ച് പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കേരളത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് പുതിയ പല സംരംഭങ്ങളും ആരംഭിക്കാൻ പോകുകയാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പുതന്നെ സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ സമിതികൾ സാങ്കേതികമായ കാരണങ്ങളാൽ സജീവമല്ലാത്ത സാഹചര്യ ത്തിലായിരുന്നു. ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾ പുന:സം ഘടിപ്പിച്ചുകൊണ്ട് രണ്ട് മൂന്ന് മാസത്തിനുള്ളിൽ കേരളത്തിലെ ഉപഭോക്തൃ കോടതികളെല്ലാം സജീവമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ക്ഷീര വികസന രംഗത്ത് ഇസ്രായേൽ മോഡൽ നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതാണ്. 34 ലക്ഷം കന്നുകാലി സമ്പത്തുള്ള കേരളത്തിൽ ഇന്നും ക്ഷീരോൽപ്പാദന ത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കന്നുകാലികളുടെ രോഗ നിവാരണം, രോഗ പ്രതിരോധം എന്നിവ ശക്തിപ്പെടുത്തി കേരളത്തെ കാലിരോഗ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാനുള്ള സംരംഭങ്ങൾ നടപ്പാക്കി വരുന്നു. മൃഗ സംരക്ഷണ വകുപ്പിൽ പി.എസ്.സി.യിൽനിന്ന് അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളേയും നിയമിക്കുന്ന തിനും പരമാവധി ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടി സ്വീകരിക്കും. തീറ്റപ്പുൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ തീറ്റപ്പുൽക്കൃഷി സ്ഥലം 3000 ഹെക്ടറാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തീറ്റപ്പുൽ ഉല്പാദനത്തിന് ഹെക്ടറിന് 7500 രൂപ സബ്സിഡി നൽകും. അസംഘടിതരായ ക്ഷീര കർഷകരെക്കൂടി പൊതു ക്ഷീര ഉല്പാദന

മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. ക്ഷീര കർഷകരിൽനിന്ന് വാങ്ങുന്ന പാലിന്റെ വില ഏകപക്ഷീയമായി കുറയ്ക്കാൻ മിൽമയെ അനുവദിക്കില്ല. പാൽ പരിശോധനയ്ക്കുള്ള ലാബുകൾ 14 ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. കേരള ഫീഡ്സും മിൽമയുടെ കാലിത്തീറ്റ ഫാക്ടറികളും സംയോജി പ്പിച്ചുകൊണ്ട് സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റയുടെ പകുതി യെങ്കിലും ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും തിരുവനന്തപുരത്തും മലപ്പുറത്തും പുതിയ കാലിത്തീറ്റ ഫാക്ടറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ജില്ലകളിൽ നടപ്പാക്കിയിട്ടുള്ള കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര സഹായത്തോടെ മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കും. ബീജ ഉല്പാദനം ഫലപ്രദമായി നടത്തുന്ന സംസ്ഥാനത്തെ മൂന്ന് ലാബുകളിൽ ഒന്നായ മാട്ടുപ്പെട്ടിയിലെ ലാബ് ഇന്റർ നാഷണൽ സെന്ററായി ഉയർത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് കോഴിക്കുഞ്ഞുങ്ങൾ, കോഴിക്കൂട്, കോഴിത്തീറ്റ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന കന്നുകാലികൾക്ക് ആന്ത്രാക്സ് രോഗബാധയുണ്ടോ എന്ന് കണ്ടെത്തുന്ന തിനായി ലൈവ് സ്റ്റോക്ക് ജീവനക്കാരുടേയും വെറ്ററിനറി ഡോക്ടർ മാരുടേയും സേവനം എല്ലാ ചെക്ക് പോസ്റ്റുകളിലും ലഭ്യമാക്കുന്നതാണ്. സംസ്ഥാനത്ത് ഇപ്പോൾ ഒരു ലക്ഷത്തി ഇരുപതിനായിരം ക്വിന്റൽ നെല്ല് സംഭരിച്ചു കഴിഞ്ഞിട്ടുണ്ട്. കുട്ടനാട്ടിലും മറ്റ് കേന്ദ്രങ്ങളിലും കൊയ്ത്ത് കഴിഞ്ഞാൽ നെല്ല് ഉണക്കുന്നതിനുള്ള ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ പ്രാവശ്യം നെല്ല് സംഭരിച്ച് അരി തിരിച്ചുകൊടുക്കാത്ത 12 സ്വകാര്യ മില്ലുകളെ ഇത്തവണ നെല്ല് സംഭരണത്തിൽനിന്നും ഒഴിവാക്കുകയും അവരിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീര വ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും 29-നെതിരെ 80 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.50-ന് പിരിഞ്ഞു.